ദി ഡിഫെൻഡർ

Vol. No. 12 Issue No. 7 RNI Reg. No. 68089 / 97 Published From Perumbavoor 2009 April 1 Price: Rs.100/- P.A.

# സുരേഷ് പ്രാർത്ഥിച്ചു രോഗി വീണു മരിച്ചു



സുരേഷ് ബാബു പ്രാർത്ഥിച്ചു, രോഗി പിന്നിലേക്കു വീണു മരിച്ചു. ന്യൂയോർക്കിൽ പാസ്റ്റർ എം.എസ്.മത്തായി ശുശ്രൂഷിക്കുന്ന ഇന്ത്യൻ അസംബ്ലി ഓഫ് ഗോഡിലാണ് സംഭവം നടന്നത്.

ഈ കൺവൻഷൻ സീസണിൽ വളരെ കുറച്ചു പ്രോഗ്രാമുകൾ മാത്രമേ സുരേഷ് ബാബുവിനു ലഭിച്ചുള്ളൂ. മാർച്ച്-ഏപ്രിൽ മാസങ്ങളിൽ പ്രോഗ്രാം ലഭിച്ചുമില്ല. അതിന്റെ ജാള്യം മാറ്റാൻ സുരേഷ് ഒരു അമേരിക്കൻ പര്യടനം നടത്തി. മാർച്ച് 14-15 തീയതികളിൽ ഫിലാഡൽഫിയ ഫുൾ ഗോസ്പൽ ചർച്ചിലും 16-17 തീയതികളിൽ സ്റ്റാഫോഡ് സൗത്ത് വെസ്റ്റ് ചർച്ച് ഓഫ് ഗോഡിലും സുരേഷ് പ്രസംഗിച്ചു. അതു കഴിഞ്ഞ് ന്യൂയോർക്കിലെത്തിയ സുരേഷിന് മത്തായി പാസ്റ്ററുടെ സഭയിൽ മാർച്ച് 20-22 തീയതികളിൽ പ്രോഗ്രാം ലഭിച്ചു. വലിയ കുഴപ്പങ്ങളൊന്നും കൂടാതെ ഒന്നാം ദിവസത്തെ മീറ്റിംഗ് നടക്കുകയും ചെയ്തു. പക്ഷേ രണ്ടാം ദിവസം സ്ഥിതി മാറി.

സുരേഷ് പതിവുപോലെ ഉഗ്രൻ പ്രസംഗം നടത്തി. ഒടുവിൽ രോഗികളെ മുൻപോട്ടു വിളിച്ച് പ്രാർത്ഥിക്കാൻ തുടങ്ങി. മത്തായി പാസ്റ്ററുടെ ഒരു ബന്ധുവും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. 46 വയസ്സുള്ള ഈ സഹോദരി കുറച്ചുകാലമായി ഒരു മാരകരോഗത്തിന് അടിമയായിരുന്നു. രോഗശാന്തിവരപ്രാപ്തനായ സുരേഷ് ബാബുവിന്റെ പ്രാർത്ഥനയാൽ രോഗശാന്തി ലഭിക്കുമെന്ന പ്രതീക്ഷയിലാണ് ഓർത്തഡോക്സ് സഭാംഗമായ ഇവർ പ്രാർത്ഥനയ്ക്കെത്തിയത്. പക്ഷേ പ്രാർത്ഥനയ്ക്കിടയിൽ ഇവർ പിന്നിലേക്കു വീണു. ഉന്തിവീഴ്ത്തു ശുശ്രൂഷയുടെ ഭാഗമായുള്ള ഉന്തിൽ ഈ സഹോദരി വീണതാണെന്നു ചില ദൃക്സാക്ഷികൾ പറയുന്നുണ്ടെങ്കിലും ഇവർ സ്വയം വീഴുകയാണുണ്ടായതെന്നത്രേ പൊതുവെയുള്ള പ്രചരണം. ഏതായാലും പ്രാർത്ഥനയ്ക്കിടയിൽ ഇവർ വീണു എന്ന വസ്തുത ഏവരും അംഗീകരിക്കുന്നു. പ്രാർത്ഥന കഴിഞ്ഞ് എല്ലാവരും പോയിട്ടും താഴെവീണു കിടന്ന സഹോദരി എഴുന്നേറ്റില്ല. ആത്മവിവശതയിൽ കിടക്കുകയാണെന്നു കരുതി ആരും എഴുന്നേൽപ്പിക്കാൻ ശ്രമിച്ചുമില്ല. കുറെ സമയം കഴിഞ്ഞ് ഈ സഹോദരിയെ ആരോ താങ്ങി എഴുന്നേൽപ്പിച്ചപ്പോഴാണ് പ്രശ്നത്തിന്റെ ഗൗരവം മനസ്സിലായത്. പിന്നിലേക്കുള്ള വീഴ്ചയിൽ സാരമായ പരുക്കു പറ്റിയ ഈ സഹോദരി അല്പസമയം കഴിഞ്ഞ് മരിച്ചു. ഇവർ രോഗിയായിരുന്നതിനാൽ രോഗം മൂലമുള്ള സ്വാഭാവിക മരണമാണുണ്ടായതെന്ന് ചില തല്പര കക്ഷികൾ പ്രചരിപ്പിക്കുന്നുണ്ടെങ്കിലും വീഴ്ചയിലുണ്ടായ പരുക്കാണ് മരണത്തിനിടയാക്കിയതെന്ന വാദം അവഗണിക്കാനാവില്ല. മരിച്ച സഹോദരിയുടെ ഫോട്ടോ ഉൾപ്പെടെ എല്ലാ വിവരങ്ങളും ഡിഫെൻഡറിനു ലഭിച്ചിട്ടുണ്ടെങ്കിലും ദു:ഖത്തിലായിരിക്കുന്ന ആ കുടുംബത്തോടുള്ള ആദരവുമൂലം അവയൊന്നും പ്രസിദ്ധീകരിക്കുന്നില്ല.

സുരേഷ് തട്ടിപ്പുകാരനാണെന്നും ഉന്തിവീഴ്ത്തു ശുശ്രൂഷ ദൈവീകമല്ലെന്നും ഡിഫെൻഡർ പലവട്ടം എഴുതിയിട്ടുണ്ട്. സുരേഷ് അമേരിക്കയിലെത്തിയ വിവരം അറിഞ്ഞയുടൻതന്നെ ഡിഫെൻഡറിന്റെ വെബ്സൈറ്റിൽ മുന്നറിയിപ്പു പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നിട്ടും സുരേഷിനെ സ്വീകരിക്കാൻ മത്തായി പാസ്റ്റർ ഉൾപ്പെടെയുള്ള ചിലർ തയ്യാറായി. അതിന്റെ ഫലം അവർ അനുഭവിക്കുന്നു. ഏതായാലും ഈ സംഭവം ഉണ്ടായതോടെ സുരേഷ് ഭയന്നു. കേസ്സും മറ്റും ഉണ്ടായാൽ കുഴയും. അതുകൊണ്ടു ശുശ്രൂഷ മതിയാക്കി മൂന്നാം പക്കം സുരേഷ് നാട്ടിലേക്കു വണ്ടി കയറി.

## ഐ.പി.സിയിൽ വീണ്ടും കേസ്സുകളുണ്ടാകാൻ സാദ്ധ്യത

ഐ.പി.സിയിൽ വീണ്ടും കേസ്സുകളുണ്ടാകാനുള്ള സാദ്ധ്യത തെളിയുന്നു. ഐ.പി.സിയുടെ ഭരണ ഘടനയ്ക്കു വിരുദ്ധമായി ചിലർ നടത്തുന്ന പ്രവർത്തനങ്ങളാണു കേസ്സിന് ആധാരം.

ഐ.പി.സിയിലെ സെന്റർ പാസ്റ്റർമാർ തങ്ങളുടെ സെന്ററിനു പുറത്തുള്ള സഭകളിൽ ശുശ്രൂഷിക്കാൻ പാടില്ല എന്നാണു ചട്ടം. പക്ഷേ പണവും പ്രതാപവുമുള്ള ചിലർ ഈ ചട്ടത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നു. ഇതിനെ ചോദ്യം ചെയ്തുകൊണ്ട് ഐ.പി.സി പെരുമ്പെട്ടി സഭയുടെ ശുശ്രൂഷകനായ പാസ്റ്റർ ഏബ്രഹാം ഷാജി സഭാനേതൃത്വത്തിനു കത്ത് കൊടുത്തിരുന്നു. രണ്ടാഴ്ച മുൻപ് ഈ കത്ത് ചർച്ചയ്ക്കെടുക്കുകയും അടുത്ത കാലത്തു ചട്ടവിരുദ്ധമായി ചുമതലയേറ്റ ചില ഏരിയ പാസ്റ്റർമാരെ ഒഴിവാക്കാൻ തീരുമാനിക്കയും ചെയ്തു. പക്ഷേ ഉഗ്രപ്രതാപികളായ ചിലർക്കെതിരെ ഒരു നടപടിയും ഉണ്ടായില്ല. അതുകൊണ്ട് നിയമ നടപടികളുമായി മുൻപോട്ടു പോകാൻ പാസ്റ്റർ ഏബ്രഹാം ഷാജി തീരുമാനിക്കയായിരുന്നു.

കേസ്സ് കൊടുക്കുന്നതിന്റെ ആദ്യ പടി എന്ന നിലയ്ക്ക് ഏബ്രഹാം ഷാജി സഭാനേതൃത്വത്തിനു വക്കീൽ നോട്ടീസ് അയച്ചുകഴിഞ്ഞു. ചട്ടവിരുദ്ധമായി സെന്റർ പാസ്റ്റർ പദവി വഹിക്കുന്ന നിരവധി ആളുകൾ ഐ.പി.സിയിലുണ്ടെന്നും അവരെയെല്ലാം പദവിയിൽ നിന്നു മാറ്റണമെന്നുമാണ് ഏബ്രഹാം ഷാജി ആവശ്യപ്പെടുന്നത്. ഉദാഹരണമെന്ന നിലക്ക് അഞ്ചു സെന്റർ പാസ്റ്റർമാരുടെ പേരുകൾ വക്കീൽ നോട്ടീസിൽ എടുത്തു പറയുന്നുമുണ്ട്:

1. ഷാർജ ഐ.പി.സിയുടെ ശുശ്രൂഷകനും ഐ.പി.സിയുടെ യു.എ.ഇ റീജിയന്റെ സെക്രട്ടറിയുമായ പാസ്റ്റർ വിൽസൻ ജോസഫ് ഐ.പി.സി പത്തനംതിട്ട സെന്ററിന്റെ പാസ്റ്ററാണ്.
2. ഐ.പി.സി മാവേലിക്കര വെസ്റ്റ് സെന്ററിന്റെ പാസ്റ്ററായ ജോൺ കെ.മാത്യു അമേരിക്കയിൽ സ്ഥിരതാമസക്കാരനാണ്.
3. തിരുവനന്തപുരത്തുള്ള ഒരു സഭയിലെ പാസ്റ്ററായ വർഗീസ് മത്തായി ഐ.പി.സി ആയൂർ സെന്ററിന്റെ പാസ്റ്ററാണ്. കുമ്പനാട് ഹെബ്രോനിലെ പാസ്റ്ററായ പി.എ.മാത്യു പുതുപ്പള്ളി സെന്ററിന്റെ പാസ്റ്ററായിരിക്കുന്നു. ആലുവ സെന്ററിന്റെ പാസ്റ്ററായ പി.സി. മാമ്മൻ അമേരിക്കയിൽ സ്ഥിരതാമസമാണ്. ചട്ടവിരുദ്ധമായ ഈ നടപടികളെല്ലാം ഉടൻ അവസാനിപ്പിച്ചില്ലെങ്കിൽ നിയമനടപടി സ്വീകരിക്കുമെന്നാണ് ഏബ്രഹാം ഷാജി അറിയിച്ചിരിക്കുന്നത്.

ഏബ്രഹാം ഷാജിക്ക് കേസ്സും കോടതിയും മറ്റും പുതുമയുള്ള കാര്യമല്ല. റ്റി.എസ്.ബാലനെതിരെ ഐ.പി.സിക്കു വേണ്ടി കേസ്സ് നടത്താൻ സഭാനേതാക്കൻമാർ 10 വർഷം മുൻപു ചുമതലപ്പെടുത്തിയത് പാസ്റ്റർമാരായ കെ.പി.കുര്യനേയും ഏബ്രഹാം ഷാജിയേയുമായിരുന്നു. ബാലനെതിരെ കേസ്സ് നടത്തി പഠിച്ച ഇവർ ഇപ്പോൾ ഐ.പി.സിയിലെ തിൻമകൾക്കെതിരെ കേസ്സ് നടത്തുന്നു. ഐ.പി.സിയിൽ അംഗത്വമുള്ള സ്ത്രീകൾക്കും വോട്ടവകാശം നൽകണമെന്നും നിലവിലുള്ള ഭരണസമിതി പിരിച്ചുവിടണമെന്നും ആവശ്യപ്പെട്ട് ഏബ്രഹാം ഷാജി കൊടുത്ത കേസ്സ് ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്. നിലവിലുള്ള ഭരണസമിതി കാലാവധി പൂർത്തിയാക്കുന്നതുകൊണ്ട് ഈ കേസ്സിൽ ചില ഭേദഗതി വരുത്താൻ ഏബ്രഹാം ഷാജി നൽകിയ അപേക്ഷ കോടതി സ്വീകരിക്കയും ചെയ്തു. അതുകൊണ്ട് മറ്റൊരു കേസ്സ് കൊടുക്കുന്നത് ഏബ്രഹാം ഷാജിയെ സംബന്ധിച്ച് ബുദ്ധിമുട്ടുള്ള കാര്യമല്ല.

### പകൽക്കാലം

അഭിനവ മെത്രാപ്പൊലീത്താ കുർബാനയർപ്പിച്ചുവെന്ന്..!

ഇനി **കാലം**
ചെയ്യുന്നതുകൂടെ
ഒന്നറിഞ്ഞാൽ മതി....



## കള്ളൻമാർ അമേരിക്കയിലേക്ക്

അമേരിക്കയിലുള്ള മലയാളികളുടെ ശ്രദ്ധയ്ക്ക്: കള്ളൻമാരുടെ ഒരു സംഘം അമേരിക്കയിലേക്കു യാത്ര തിരിക്കാൻ ഒരുങ്ങുകയാണ്. ഏപ്രിൽ മൂന്നാം ആഴ്ചയിൽ ഇവർ അമേരിക്കയിൽ ലാന്റ് ചെയ്തേക്കാം.

പെന്തക്കോസ്തിലെ പ്രമുഖ കള്ളനായ കെ.സി.ജോണിന്റെ നേതൃത്വത്തിലാണു കൊള്ള സംഘം അമേരിക്കയിലേക്കു വരുന്നത്. എതിർക്രിസ്തുവിനു കൂട്ട് കള്ളപ്രവാചകൻ എന്നു പറഞ്ഞതുപോലെ, കെ.സി.ജോണിനു കൂട്ടായി കോട്ടയത്തുള്ള ഒരു കുപ്രസിദ്ധ തട്ടിപ്പുവീരനും സംഘത്തിലുണ്ടായിരിക്കും. മാന്ത്രിക കിടക്ക വിറ്റും ക്രൂസേഡുകൾ നടത്തിയും മറ്റും ഈ വിദ്വാൻ കുറച്ചധികം പണം സമ്പാദിച്ചിട്ടുണ്ട്. സംഘത്തോടൊപ്പം ഒരു പത്രക്കാരനും ഉണ്ടാകും.

നശ്രയെ കൂട്ടത്തിൽ കൂട്ടാൻ കെ.സി.ജോൺ തീവ്രമായി ശ്രമിച്ചുവരുന്നു. അതു സാധിച്ചാൽ നെയ്യപ്പം തിന്നുന്നതുപോലെ ഗുണം രണ്ടാണ്: വയറും നിറയും, മീശയും മിനുക്കാം. അങ്കവും കാണാം, താളിയും ഒടിക്കാം എന്നു ചുരുക്കം. ടൂർ കഴിയുമ്പോൾ ഒരു കൊച്ചുലാഭം ഉറപ്പ്. പക്ഷേ ഒരു പ്രശ്നം: ഇതു തെരഞ്ഞെടുപ്പിന്റെ കാലമാണ്. കോൺഗ്രസ്സിനുവേണ്ടി വോട്ടു പിടിക്കാൻ ഓടിനടക്കുകയാണ് നശ്ര. നേതാക്കൻമാർക്കു ജയ് വിളിക്കുന്നതിനിടയിൽ ഹാലേലൂയ്യാ പറയാൻ സമയം കിട്ടുമോ എന്നു സംശയം. പക്ഷേ നശ്രയെ സംഘത്തിൽ ചേർക്കാൻ കഴിഞ്ഞാൽ അതു വലിയൊരു വിജയമായിരിക്കും.

ദേവസ്യ മുല്ലക്കരയും അമേരിക്കയ്ക്കു പറക്കാൻ തയ്യാറായിരിക്കുകയാണ്. രണ്ടുവട്ടം വിസ നിഷേധിക്കപ്പെട്ടിട്ടുള്ളതുകൊണ്ട് അമേരിക്കൻ വിസ കിട്ടുമോ എന്നൊരു സംശയം ബാക്കി നിൽക്കുന്നു. കെ.സി.ജോണിന്റെ സംഘത്തിൽ ചേർന്നാൽ അമേരിക്ക മുഴുവൻ ചുറ്റാം. പക്ഷേ നിറയുന്നത് കെ.സി.ജോണിന്റെ കീശ മാത്രമാകും. അതുകൊണ്ട് സംഘത്തിൽ ചേരണോ വേണ്ടയോ എന്നു മുല്ലക്കര തീരുമാനിച്ചിട്ടില്ല. കുറെ ഗായകരേയും ഒപ്പം കൂട്ടാൻ കെ.സി.ജോണിനു പദ്ധതിയുണ്ട്. സംഘത്തിൽ ആരൊക്കെ ഉണ്ടാകുമെന്ന് ഇപ്പോൾ തീർത്തു പറയാനാവില്ല.

എന്തിനാണ് ഈ സംഘം അമേരിക്കൻ പര്യടനം നടത്തുന്നത്? പറയാം: ചാനലിനു പണം പിരിക്കാൻ. ചവർ ചാനൽ നടത്താൻ പദ്ധതിയിട്ട കാലം മുതൽ കെ.സി.ജോൺ അമേരിക്കയിൽ നിന്നു പണം പിരിക്കാൻ ശ്രമിച്ചു വരുന്നു. പക്ഷേ നാളിതുവരെ കാര്യമായി ഒന്നും കിട്ടിയിട്ടില്ല. കഴിഞ്ഞവർഷം കെ.സി.ജോണിനോടു കുശലം പറയാൻ പോലും അമേരിക്കയിൽ ആളില്ലാതെപോയി. ഇത്തവണയും ഇതുതന്നെയാകും സ്ഥിതി എന്നു കെ.സി.ജോണിനറിയാം. അതിനാണ് ഒരു സംഘത്തെ ഒപ്പം കൂട്ടുന്നത്.

കെ.സി.സംഘം അമേരിക്കയിലെ പ്രധാന പട്ടണങ്ങളിലെല്ലാം സഞ്ചരിച്ച് പ്രോഗ്രാം അവതരിപ്പിക്കും. നശ്രയും കുറെ ഗായകരും മറ്റും ഗ്രൂപ്പിൽ ഉള്ളതുകൊണ്ട് പെന്തക്കോസ്തുകാരല്ലാത്തവരും പ്രോഗ്രാമിൽ പങ്കെടുക്കും. അവരുടെ മുൻപിൽ ചവർ എന്ന മഹാത്ഭുതം അവതരിപ്പിക്കാം. സമുദായക്കാർക്കെന്നല്ല സാക്ഷാൽ ചെകുത്താനുപോലും എതിർപ്പു തോന്നുന്ന ഒരു പരിപാടിയും ചവറിലില്ല. അതുകൊണ്ട് പണം പിരിക്കാൻ ബുദ്ധിമുട്ടുണ്ടാകുകയില്ല. ഈ പരിപാടികൾ റിക്കാഡ് ചെയ്താൽ ചവറിൽ പ്രദർശിപ്പിക്കാനുള്ള പ്രോഗ്രാമുമായി.

ഇതൊക്കെയാണെങ്കിലും കെ.സി.ജോണിന് ഒരു ഉൾക്കിടിലമുണ്ട്. കെ.സി.ജോണിനു കഴിഞ്ഞ വർഷം പ്രോഗ്രാം കിട്ടാതെപോയത് ഡിഫെൻഡറിന്റെ എഴുത്തുമൂലമാണ്. ഇത്തവണയും ഡിഫെൻഡർ കുഴപ്പമുണ്ടാക്കിയേക്കാം. എങ്കിലും നശ്ര ഉൾപ്പെടെയുള്ളവരുണ്ടെങ്കിൽ ഡിഫെൻഡറിന്റെ സ്വാധീനം അതിജീവിക്കാനാവും എന്നാണ് കെ.സി.ജോണിന്റെ പ്രതീക്ഷ.

ദി ഡിഫെൻഡർ
**Vol. No.12 Issue No.7 2009 April 1**

# ഇനിയെങ്കിലും ഈ തെണ്ടൽ അവസാനിപ്പിച്ചുകൂടേ?

തെണ്ടിത്തിന്നു പഠിച്ചുപോയാൽ ആ ശീലം മാറ്റാൻ ബുദ്ധിമുട്ടാണ്. പാസ്റ്റർമാരിൽ നല്ലൊരു പങ്ക് ഒന്നാംതരം തെണ്ടികളാണെന്നു പറയേണ്ടി വന്നതിൽ ദു:ഖമുണ്ട്. (തെണ്ടി എന്ന വാക്ക് അശ്ലീലമാണെന്നു കരുതുന്നവർ ഭിക്ഷക്കാരൻ എന്നു മാറ്റി വായിക്കുക). വിശ്വാസികൾ സ്വമേധയാ നൽകുന്ന പണം വാങ്ങുന്ന കാര്യമല്ല പറഞ്ഞുവരുന്നതെന്ന് പ്രാരംഭത്തിൽ തന്നെ വ്യക്തമാക്കട്ടെ. പണം ഉണ്ടാക്കുക എന്ന ഏക ലക്ഷ്യത്തോടെ ചുറ്റിക്കറങ്ങി നടക്കുകയും ചെകുത്താൻ പോലും തോറ്റുപോകുന്ന അടവുകൾ പ്രയോഗിക്കുകയും ചെയ്യുന്നതിനെയാണ് തെണ്ടൽ എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത്. കേരളത്തിനകത്തുമാത്രം തെണ്ടുന്നവരുണ്ട്. ചിലർ അല്പംകൂടി വിശാലമായി അഖിലേന്ത്യാ തലത്തിൽ തെണ്ടും. ചിലർക്ക് ഗൾഫാണു പ്രിയം. ആണ്ടിലൊരിക്കലെങ്കിലും അമേരിക്കയിൽ സ്ഥിരമായി തെണ്ടാൻ പോകുന്നവരുണ്ട്. തെണ്ടുന്നതെവിടെയായാലും തെണ്ടി തെണ്ടിതന്നെ.

വിദേശത്തു പോകുന്നതു തെറ്റാണെന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. ദൈവം അയച്ചാൽ എവിടെയും പോകാം. ദൈവം നൽകുന്ന ശുശ്രൂഷ ചെയ്യാം. ദൈവമക്കൾ സ്വമേധയാ നൽകുന്നതു വാങ്ങാം. ഇതൊക്കെ അനുവദനീയമാണ്. പക്ഷേ ദൈവം അയ്ക്കാതെ പോകുക, പ്രോഗ്രാമും പണവും ചോദിച്ചു വാങ്ങുക, മറ്റുള്ളവർക്കു ഭാരമായിത്തീരുക തുടങ്ങിയവ അങ്ങേയറ്റം ഹീനമായ നടപടിയാണ്.

സാമ്പത്തിക മാന്ദ്യം മൂലം മിക്കവരും കഷ്ടപ്പെടുന്ന സമയമാണിത്. നിരവധി ആളുകൾക്കു ജോലി നഷ്ടപ്പെട്ടു കഴിഞ്ഞു. നാളെ എന്തു സംഭവിക്കുമെന്നറിയാതെ ഭയന്നു കഴിയുകയാണ് മിക്കവരും. അതിനിടയിലാണ് തെണ്ടലുകാരേക്കൊണ്ടുള്ള ദുരിതം. അവർക്കു മാത്രം ഒരു സാമ്പത്തിക മാന്ദ്യവുമില്ല. മറ്റുള്ളവരുടെ ദുരിതങ്ങൾ അറിയുകയും വേണ്ട. പാസ്റ്റർ എന്നു പേരുള്ള ആരു ഫോൺ ചെയ്താലും സന്തോഷത്തോടെ സംസാരിച്ചുകൊള്ളണം. വീട്ടിൽ വിളിച്ചുകൊണ്ടുവന്ന് ഭക്ഷണവും കൈമടക്കും കൊടുത്തുകൊള്ളണം. താമസ സൗകര്യം ആവശ്യമാണെങ്കിൽ അതും തയ്യാറാക്കി കൊടുക്കണം. പ്രോഗ്രാമില്ലാത്തവർക്കു പ്രോഗ്രാം വരെ ക്രമീകരിച്ചു കൊടുക്കണം. ഇങ്ങനെയൊക്കെ ചെയ്തില്ലെങ്കിൽ ദൈവം കോപിക്കുമത്രേ. തലമുറയേപ്പോലും ദൈവം വെറുതെ വിടില്ലത്രേ. ഇങ്ങനെയൊക്കെ ചെയ്തു യാത്രയയച്ചാൽ ഏതാനും മാസം കഴിയുമ്പോൾ ഈ ദുരിതം വീണ്ടുമെത്തും. ആരായാലും മടുത്തുപോകും. ഈ പരിപാടിക്ക് ഒരവസാനം ഉണ്ടാക്കാതെ വിദേശത്തുള്ള സാധാരണക്കാർക്കു ജീവിക്കാനാവില്ല.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**
**OR www.tsbalan.org**

ബൈബിൾ റേഡിയോ
**www.thebibleradio.com**
**For more Details: tsbalan@yahoo.com**

**വാർഷിക വരിസംഖ്യ**

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ
**വിലാസം:**
**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം.**
(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

# സത്യം സത്യമായി

അമീബ പരിണമിച്ചാണ് ലോകത്തുള്ള എല്ലാ ജീവികളും ഉണ്ടായതെന്ന് ഒരു സിദ്ധാന്തമുണ്ട്. അതു ശരിയായാലും തെറ്റായാലും രാഷ്ട്രീയ പാർട്ടികൾക്ക് അമീബയുമായി ബന്ധമുണ്ടെന്നു തീർച്ച. അതുകൊണ്ടാണ് എല്ലാ രാഷ്ട്രീയ പാർട്ടികളും ഇടയ്ക്കൊക്കെ സ്വയം പിളരുന്നത്.

പിളർപ്പിന്റെ കാര്യത്തിൽ കേരള കോൺഗ്രസ്സിനെ വെല്ലാൻ ആരുമില്ല. ഒന്നായ നിന്നെയിഹ അസംഖ്യമായി കണ്ടതിൽ ഇപ്പോൾ ഇണ്ടൽ പോലും ഇല്ലാതായിരിക്കുന്നു. ഇപ്പം പിളരും എന്ന പരുവത്തിലാണ് ജോസഫ് ഗ്രൂപ്പ് നിൽക്കുന്നത്. സംഗതി പാലാഴി തന്നെ. പാലാഴിയിൽ മങ്കയുണ്ടെന്നതും മങ്കപ്രശ്നം ഇപ്പോഴും പ്രശ്നം തന്നെയാണെന്നതും ശരിയാണെങ്കിലും ഈ പിളർപ്പിനു മങ്കയുമായി ബന്ധമില്ല. ഇവിടെ പ്രശ്നമായിരിക്കുന്നത് വലിച്ചാൽ നീളുന്ന റബ്ബറാണ്.

പണ്ടേ ദുർബ്ബല, ഇപ്പോൾ ഗർഭിണിയും എന്ന പരുവത്തിലാണ് ജനതാ ദൾ. എൽ.ഡി.എഫിന്റെ കരുണകൊണ്ട് അഞ്ച് എം.എൽ.എമാരും ഒരു മന്ത്രിയും ഒരു എം.പിയും ഉണ്ടായിരുന്നതാണ്. പക്ഷേ വല്ല്യേട്ടന്റെ മുമ്പിൽ നിന്നു മീശപിരിച്ചതോടെ എല്ലാം നഷ്ടമായി. മന്ത്രിയില്ല. എം.എൽ.എമാർ രണ്ടു തട്ടിൽ. കോഴിക്കോടു കിട്ടിയതുമില്ല. എൽ.ഡി.എഫ് വിടുന്നതായി പ്രഖ്യാപിച്ചു കഴിഞ്ഞു. ഇനി എങ്ങോട്ടു പോകുമെന്നു മാത്രം പറയാൻ പറ്റുന്നില്ല. കേരളത്തിന് ഒരു നല്ല മന്ത്രിയെ നഷ്ടമായതു മിച്ചം.

പുത്രൻജിയുടെ കാര്യം ബഹു കഷ്ടം തന്നെ. കുറെ വോട്ടുകൾ കൈവശമുണ്ട്. ആരു ചോദിച്ചാലും അതു കൊടുക്കാനും തയ്യാർ. ഒരു കണ്ടീഷൻ മാത്രം: പരസ്യമായി ചോദിക്കണം. പക്ഷേ ആർക്കും പുത്രൻജിയുടെ വോട്ടു വേണ്ട. കഷ്ടമെന്നല്ലാതെ എന്തു പറയാൻ. 20 സീറ്റിലും മത്സരിക്കുമെന്നു ഭീഷണിപ്പെടുത്തി നോക്കി. അത് ഏശിയില്ല. ഏഴിടത്തെങ്കിലും മത്സരിക്കുമെന്നു തീർത്തു പറഞ്ഞു. ആരും മൈന്റ് ചെയ്തില്ല. ആറിടത്ത് നോമിനേഷൻ കൊടുക്കാൻ പോകുന്നു എന്നു പറഞ്ഞിട്ടും ഗുണമുണ്ടായില്ല. ഇപ്പോഴിതാ നാലിൽ വന്നു നിൽക്കുന്നു. തെരഞ്ഞെടുപ്പു ഫലം വന്നു കഴിയുമ്പോൾ പൂജ്യത്തിലെത്തും. എങ്കിലും മമ്മൂഞ്ഞിന്റെ പോളിസി സ്വീകരിച്ച് പിടിച്ചു നിൽക്കാം. ജയിച്ചവരെല്ലാം ഞമ്മളുടെ സഹായത്തോടെയാണു ജയിച്ചതെന്നും തോറ്റവരെ പാഠം പഠിപ്പിച്ചതു ഞമ്മളാണെന്നും വീമ്പിളക്കാം. ഇതൊക്കെ വിശ്വസിക്കാനും ആളുണ്ടാകും.

മുരളി മത്സരിക്കുന്നതു ജയിക്കാനാണെന്നു ലീഡർജി പറയുന്നു. സംഗതി ശരിതന്നെ, പക്ഷേ മുരളി മത്സരിക്കുന്നതുകൊണ്ടു ജയിക്കുന്നത് ആരായിരിക്കുമെന്നു മാത്രം പറയാനാവില്ല. ഏതായാലും മുരളിക്കും കൂട്ടർക്കും കെട്ടി വച്ച കാശു കിട്ടിയാൽ ഭാഗ്യം.

എറണാകുളത്തോടുള്ള സ്നേഹം കാരണം തോമസ് മാഷ് എം.പി ആകുകയാണ്. നിലവിൽ എം.എൽ.എ ആണല്ലോ, അതു പോരേ? പോരാ, കാരണം എറണാകുളത്തോടുള്ള സ്നേഹം അത്ര വലുതാണ്. കുറഞ്ഞപക്ഷം ഒരു എം.പിയെങ്കിലും ആകണം. മന്ത്രിയായാൽ ഏറെ നന്ന്. അടുത്ത അസംബ്ലി തെരഞ്ഞെടുപ്പു വരുമ്പോഴും മാഷിന് എറണാകുളത്തോടു വീണ്ടും സ്നേഹം തോന്നും. അപ്പോൾ നിയമസഭയിലേക്കും മത്സരിക്കും. എറണാകുളംകാരുടെ ഭാഗ്യം എന്നേ പറയേണ്ടൂ.

അടുത്ത കാലം വരെ കടുത്ത ളോഹവിരോധിയായിരുന്ന സിന്ധുവിന് ഇപ്പോൾ ളോഹയില്ലാതെ ജീവിക്കാനാവില്ല എന്ന സ്ഥിതിയായിരിക്കുന്നു. ളോഹയിട്ടവരെയെല്ലാം തേടിച്ചെല്ലുക മാത്രമല്ല ഭക്തിഗാനങ്ങൾ പാടി അവരെ കോൾമയിർ കൊള്ളിക്കയും ചെയ്യുന്നു. വൈരുദ്ധ്യാത്മക ഭൗതികവാദം എന്നൊക്കെ പറയുന്നത് ഇതല്ലേ കുറുപ്പേ?

മദനിക്കാര്യത്തിൽ സി.പി.എം ശരിക്കും പുലിവാലു പിടിച്ചിരിക്കയാണ്. വിട്ടാൽ മദനി പിണങ്ങും. അതോടെ ലക്ഷക്കണക്കിനു വോട്ടുകൾ നഷ്ടമാകും. പിടിച്ചുകൊണ്ടിരിക്കാമെന്നു വച്ചാൽ എത്രക്കാലം? ബസ്സ് കത്തിച്ച സംഭവത്തിൽ സൂഫിയ മദനിക്കുള്ള പങ്ക് വ്യക്തമായിക്കഴിഞ്ഞു. ഇനി എന്തു പറഞ്ഞ് ജനത്തെ ആശ്വസിപ്പിക്കും? ഒരു എത്തും പിടിയും കിട്ടുന്നില്ല.

സി.പി.ഐയുടെ പിണക്കമൊക്കെ തീർന്നതിൽ വല്ല്യേട്ടനുള്ള സന്തോഷം വാക്കുകളിൽ ഒതുക്കാനാവില്ല. ആർ.എസ്.പി സന്തോഷത്തിലല്ല. ദൾ എവിടെ നിൽക്കുന്നു എന്നു വ്യക്തമല്ല. അതിനിടയിൽ സി.പി.ഐ കൂടി പിണങ്ങിയിരുന്നെങ്കിൽ വല്ല്യേട്ടൻ ശരിക്കും ബുദ്ധിമുട്ടിലാകുമായിരുന്നു എന്നു തീർച്ച.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

സഹോദരൻമാരേ, ഞങ്ങളോടു പ്രാപിച്ച പ്രമാണം വിട്ടു ക്രമംകെട്ടു നടക്കുന്ന ഏത് സഹോദരനോടും അകന്നുകൊള്ളണം എന്ന് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളോട് ആജ്ഞാപിക്കുന്നു. ഞങ്ങളെ അനുകരിക്കേണ്ടത് എങ്ങനെ എന്ന് നിങ്ങൾ തന്നേ അറിയുന്നുവല്ലോ. ഞങ്ങൾ നിങ്ങളുടെ ഇടയിൽ ക്രമം കെട്ടു നടന്നിട്ടില്ല. ആരുടെയും ആഹാരം വെറുതെ അനുഭവിച്ചിട്ടുമില്ല; നിങ്ങളിൽ ആർക്കും ഭാരമായിത്തീരരുത് എന്നുവച്ചു ഞങ്ങൾ അദ്ധ്വാനത്തോടും പ്രയാസത്തോടും കൂടെ രാപ്പകൽ വേലചെയ്തു പോന്നത് അധികാരമില്ലാതിരുന്നിട്ടല്ല, അനുകരിക്കുവാൻ നിങ്ങൾക്കു ഞങ്ങളെ മാതൃകയാക്കിത്തരേണ്ടതിനത്രേ. വേലചെയ്യുവാൻ മനസ്സില്ലാത്തവൻ തിന്നുകയുമരുത് എന്ന് ഞങ്ങൾ നിങ്ങളോടുകൂടെ ഇരിക്കുമ്പോൾ തന്നെ ആജ്ഞാപിച്ചിട്ടുണ്ടല്ലോ; ഇങ്ങനെയുള്ളവരോട്: സാവധാനത്തോടെ വേല ചെയ്ത് അഹോവൃത്തി കഴിക്കണം എന്ന് കർത്താവായ യേശുക്രിസ്തുവിൽ ഞങ്ങൾ ആജ്ഞാപിച്ചു പ്രബോധിപ്പിക്കുന്നു. (2 തെസ്സ. 3: 6–12)

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:
ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.
ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.
ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:
**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 96564 32921**

# കള്ളനും കള്ളനു കഞ്ഞിവച്ചവരും



''ഞങ്ങളെ കണ്ടാൽ കള്ളനു കഞ്ഞിവച്ചവരാണെന്നു തോന്നുമോ?'' മാർച്ച് 16-17 തീയതികളിൽ അമേരിക്കയിലെ സ്റ്റാഫോഡ് സൗത്ത് വെസ്റ്റ് ചർച്ച് ഓഫ് ഗോഡിൽ സുരേഷിനു കഞ്ഞിവച്ച ബിജു മാത്യു, ഫിന്നി രാജു എന്നിവർ സുരേഷിനോടൊപ്പം.

# പിവൈപിഎ ഇലക്ഷൻ മെയ് 6ന് നടന്നേക്കും

ഐ.പി.സിയുടെ യുവജന വിഭാഗമായ പി.വൈ.പി.എയുടെ ഇലക്ഷൻ മെയ് 6ന് നടത്താൻ തീരുമാനമായി. കേസ്സും സ്റ്റേയും മറ്റും ഉണ്ടാകുന്നില്ലെങ്കിൽ ഇലക്ഷൻ മെയ് 6ന് നടക്കും. (ഐ.പി.സിയിലെ കാര്യമായതുകൊണ്ട് എപ്പോഴാണു കേസ്സ് ഉണ്ടാകുന്നതെന്നു പറയാനാവില്ല). ജനുവരി 26ന് ഇലക്ഷൻ നടത്താൻ ആലോചനയുണ്ടായിരുന്നു. അതിനായുള്ള ഒരുക്കങ്ങളും നടന്നു. പക്ഷേ ഇപ്പോഴത്തെ ഭരണസമിതിയിലെ ചില അംഗങ്ങൾക്ക് അനഭിമതരായ ചിലർ സ്ഥാനാർത്ഥികളാകാൻ ശ്രമം നടത്തുന്ന വിവരം അപ്പോഴാണു വെളിപ്പെട്ടത്. തെരഞ്ഞെടുപ്പ് ഏതാനും മാസങ്ങൾ നീട്ടി വച്ചാൽ ഇവരിൽ ചിലരുടെ പ്രായം പരിധി കടക്കുകയും തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ ഇവർ അയോഗ്യരാകുകയും ചെയ്യും. ഈ വസ്തുത മനസ്സിലാക്കിയ ചില ചാണക്യൻമാർ നടത്തിയ കളികൾ വിജയിക്കയും ചെയ്തു. അങ്ങനെയാണ് പി.വൈ.പി.എ തെരഞ്ഞെടുപ്പ് അനന്തമായി നീണ്ടുപോയത്. അനഭിമതരിൽ ഭൂരിപക്ഷവും ഇപ്പോൾ പ്രായപരിധിക്കപ്പുറമായി എന്നു വ്യക്തമായതോടെ തെരഞ്ഞെടുപ്പു നടത്താൻ തീരുമാനിക്കുകയായിരുന്നു. തൃശൂർ പൂരത്തിന്റെ സാമ്പിൾ വെടിക്കെട്ടു പോലെയാണ് ഐ.പി.സിയിലെ പി.വൈ.പി.എ ഇലക്ഷൻ. യുവജനങ്ങളുടെ സാമ്പിൾ വെടിക്കെട്ടു കഴിഞ്ഞാൽ ഐ.പി.സി ഇലക്ഷനായി. ഇത്തവണ സാമ്പിളും മോശമാകില്ലെന്നാണറിയുന്നത്. അപ്പോൾ സാക്ഷാൽ വെടിക്കെട്ടിന്റെ സ്ഥിതി എന്താകും!

# ഫിലിപ്പ് തോമസിനെ അറിയാമോ?

ഫിലിപ്പ് തോമസ് എന്ന വ്യക്തിയെ അറിയാമോ? ഇയാളുടെ വിലാസം Philip Thomas, Pastoral Care Coordinator, Hospice Care Network, 1616 Estelle Avenue, Elmont, NY 11003. Ph: (516) 437-5846 എന്നാണ്. ഇയാൾ ന്യൂയോർക്കിലെ യോങ്കേഴ്സ് ചർച്ച് ഓഫ് ഗോഡിന്റെ സെക്രട്ടറിയാണ്. ഇയാളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാവുന്നവർ ദയവായി ഡിഫെൻഡർ ഓഫീസിൽ അറിയിക്കുക.



# രാജുക്കുട്ടി എം.എക്കാരനോ?



ഒ.എം.രാജുക്കുട്ടി എം.എക്കാരനാണോ? ആണെന്നു രാജുക്കുട്ടി പറയുന്നു. ചവർ ചാനലിൽ ഈയിടെ സംപ്രേഷണം ചെയ്ത ഗസ്റ്റ് റൂം എന്ന പ്രോഗ്രാമിലാണ് രാജുക്കുട്ടി ഈ അവകാശവാദം നടത്തിയത്. എം.എക്കാരനാകുക എന്നത് അത്ര വലിയ കാര്യമൊന്നുമല്ല. എങ്കിലും പറയുന്നതു രാജുക്കുട്ടിയായതുകൊണ്ട് ഒരു സംശയം.

കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ എം.എ എടുത്തു എന്നാണ് രാജുക്കുട്ടി പറഞ്ഞത്. വിവരാവകാശ നിയമപ്രകാരം അപേക്ഷ നൽകിയാൽ ഈ അവകാശവാദം സത്യമാണോ എന്നു യൂണി വേഴ്സിറ്റിയിൽ നിന്ന് അറിയാൻ കഴിയും. പക്ഷേ രാജുക്കുട്ടിയെ സംബന്ധിക്കുന്ന എന്തെങ്കിലും വിവരം അറിയണമെന്നുണ്ടെങ്കിൽ ആദ്യം രാജുക്കുട്ടിയോടു ചോദിക്കണമെന്നാണല്ലോ രാജുക്കുട്ടി പറയുന്നത്. അതുകൊണ്ട് രാജുക്കുട്ടി ഒരു കാര്യം ചെയ്യണം: എം.എ ഡിഗ്രിയുടെ ഒരു ഫോട്ടോസ്റ്റാറ്റ് ഡിഫെൻഡറിന്റെ ഓഫീസിലേക്ക് അയച്ചുതരണം. ഏപ്രിൽ 25ന് അകമായി ഫോട്ടോസ്റ്റാറ്റ് കിട്ടുന്നില്ലെങ്കിൽ യൂണിവേഴ്സിറ്റിയിൽ അപേക്ഷ കൊടുക്കുന്നതാണ്.

# പാര ഷാജി കോപിക്കുന്നു

പാര ഷാജിയെ അറിയാമോ? ഇല്ലെങ്കിൽ അറിയണം. മോനച്ചൻ പ്രവാചകന്റെ ഇളയ സഹോദരനാണ് ഈ വിദ്വാൻ. യഥാർത്ഥ പേര് പി.ഷാജി എന്നാണ്. പക്ഷേ പാരവയ്പ്പാണ് പ്രധാന തൊഴിൽ. അതുകൊണ്ട് അബുദാബിയിലുള്ളവർ 'പീ'ക്ക് ഒരു പരിഷ്ക്കാരം വരുത്തി പാരയാക്കിയതാണ്. (കക്ഷി ഇപ്പോൾ അമേരിക്കയിലാണു താമസം).

പാരഷാജി എന്തിനാണു കോപിക്കുന്നത്? കാരണമുണ്ട്. കള്ളുകുടിക്കാൻ പണം ഉണ്ടാക്കാനായി ഇയാൾ പണ്ടു വാസെക്ടമി ചെയ്തിരുന്നു. ഇതുമൂലം ഇയാൾക്കു കുട്ടികൾ ഉണ്ടായില്ല. ഈ അവസരം മുതലെടുത്ത് മോനച്ചൻ പ്രവാചകൻ ഷാജിക്ക് സന്താനഭാഗ്യം നൽകി അനുഗ്രഹിക്കയും ചെയ്തു. ഈ വിവരങ്ങളൊക്കെ ഡിഫെൻഡറിലൂടെ മാലോകർ അറിഞ്ഞതാണ് ഷാജിയെ പ്രകോപിതനാക്കിയിരിക്കുന്നത്. അമ്മായിയപ്പനായ കള്ളുതോമ്മായുടെ സഹായത്തോടെ ബാലനെ ശരിപ്പെടുത്തുമെന്ന് അമേരിക്കയിലിരുന്നു ഭീഷണി മുഴക്കുകയാണ് ഇപ്പോൾ ഈ ചങ്ങാതിയുടെ മുഖ്യ പരിപാടി. ഒരു പണിയുമില്ലാത്തവന് ഇപ്പോൾ ഇതൊരു പണിയായി.

# മോനച്ചന് ആസ്ട്രേലിയൻ മോഹം



ഡിഫെൻഡറിന്റെ ശല്യം കാരണം അബുദാബിയിൽ പിടിച്ചുനിൽക്കാനാവാത്ത സ്ഥിതിയിലാണു മോനച്ചൻ. അത്യുഗ്രൻ പ്രവാചകനായി വിലസിയിരുന്ന മോനച്ചനെ ഇപ്പോൾ ആർക്കും വേണ്ടാതായി. ദുർന്നടപ്പിനുള്ള അവസരങ്ങളും കുറഞ്ഞു. അതുകൊണ്ട് മറ്റേതെങ്കിലും സ്ഥലത്തേക്ക് മാറുകയേ നിവൃത്തിയുള്ളൂ. പക്ഷേ എങ്ങോട്ടു പോകും? ഡിഫെൻഡറിന്റെ കണ്ണെത്താത്ത ഏതെങ്കിലും സ്ഥലത്തേക്കുവേണം പോകാൻ. അമേരിക്കയാണ് ആദ്യ ഓപ്ഷൻ. പക്ഷേ അമേരിക്കയിലെങ്ങും ഡിഫെൻഡർ പാറിക്കളിക്കുകയാണ്. സഹോദരനായ ഷാജിക്കുപോലും അവിടെ നിന്നുപിടിക്കാൻ കഴിയുന്നില്ല. പിന്നെങ്ങനെ മോനച്ചൻ അവിടെ രക്ഷപ്പെടും? കേരളത്തിലേക്കു മടങ്ങാമെന്നു വച്ചാൽ പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെ. മാത്രമല്ല, കേരളമാണല്ലോ ഡിഫെൻഡറിന്റെ കേന്ദ്രം.

എന്തു ചെയ്യണമെന്നറിയാതെ മോനച്ചൻ വിഷമിച്ചിരിക്കുന്ന സമയത്താണ് ആസ്ട്രേലിയയിലേക്കു കടക്കാൻ ഒരവസരം കൈവന്നിരിക്കുന്നത്. മോനച്ചന്റെ സഹോദരിയുടെ മകൻ ആസ്ട്രേലിയയിലാണ്. ഈ പുത്രൻ അവിടെ ഒരു വിവാഹം തട്ടിക്കൂട്ടിയിട്ടുമുണ്ട്. വിവാഹത്തോടുള്ള ബന്ധത്തിൽ ഒരു ആസ്ട്രേലിയൻ പര്യടനം തരപ്പെടുത്താം. ഭാവിയിൽ അവിടേക്കു കുടിയേറാനുള്ള സാദ്ധ്യത ആരായാൻ ഈ സന്ദർശനം സഹായകമാകും. പക്ഷേ ഒരു പ്രശ്നം: ഭാര്യ ഇപ്പോൾ വാലുപോലെ ഒപ്പമുണ്ട്. ഡിഫെൻഡറിൽ വാർത്ത വരാൻ തുടങ്ങിയപ്പോൾ അവർ അബുദാബിയിലേക്കു കടന്നതാണ്. അന്ന് മകളും ഒപ്പം പോയെങ്കിലും ഏതാനും ആഴ്ചകൾ കഴിഞ്ഞ് മകൾ കേരളത്തിലേക്കു തിരിച്ചുപോന്നു. ആസ്ട്രേലിയൻ പര്യടനവും മറ്റും നടത്താൻ ഭാര്യ ഒരു തടസ്സമാണ്. അതുകൊണ്ട് ഭാര്യയെ നാട്ടിലേക്കു തിരിച്ചയച്ചിട്ട് ആസ്ട്രേലിയൻ സ്വപ്നങ്ങൾ പൂവണിയിക്കാനുള്ള ഒരുക്കത്തിലാണു മോനച്ചൻ.

പദ്ധതി മോശമാണെന്നു പറയാനാവില്ല. പക്ഷേ മോനച്ചൻ അറിയേണ്ട ഒരു സത്യമുണ്ട്: ഡിഫെൻഡറിന് ആസ്ട്രേലിയയിലും വായനക്കാരുണ്ട്. അതുകൊണ്ട് മോനച്ചന് ആസ്ട്രേലിയയിൽ പിടിച്ചുനിൽക്കാനാവില്ല.

# ഐ.പി.സിയിൽ ഈ വർഷം സ്ഥലംമാറ്റങ്ങൾ തടസ്സപ്പെട്ടേക്കാം

ഐ.പി.സിയിൽ നിലവിലുള്ള ചട്ടങ്ങൾക്കു വിരുദ്ധമായി ചിലർ സെന്റർ പാസ്റ്റർ പദവി വഹിക്കുന്നതു ചോദ്യം ചെയ്തുകൊണ്ട് ഏബ്രഹാം ഷാജി കൊടുക്കുന്ന കേസ്സ് ഐ.പി.സി കേരള സ്റ്റേറ്റിനു കീഴിലുള്ള എല്ലാ ശുശ്രൂഷകൻമാരുടേയും സ്ഥലം മാറ്റത്തെ ബാധിക്കാൻ ഇടയുണ്ട്. ചട്ടവിരുദ്ധമായി സെന്റർ പാസ്റ്റർ പദവി വഹിക്കുന്നവർ ശുപാർശ ചെയ്യുന്ന സ്ഥലംമാറ്റ അപേക്ഷകൾക്ക് നിയമസാധുതയില്ല എന്നതു പ്രശ്നമാകും. മാത്രമല്ല, ആരൊക്കെയാണ് ഇപ്രകാരം നിയമവിരുദ്ധമായി സെന്റർ പാസ്റ്റർ പദവി വഹിക്കുന്നതെന്നതും തർക്കവിഷയമാകും. അങ്ങനെ വന്നാൽ എല്ലാ സ്ഥലം മാറ്റങ്ങളും സ്റ്റേ ചെയ്യപ്പെടാനുള്ള സാദ്ധ്യതയുണ്ട്. പണവും പ്രതാപവുമുള്ള നേതാക്കൻമാർക്ക് ഇതൊന്നും പ്രശ്നമാകില്ലെങ്കിലും സാധാരണക്കാരായ ശുശ്രൂഷകൻമാർ ബുദ്ധിമുട്ടിലാകും എന്നു തീർച്ച. പ്രശ്നത്തിന്റെ ഗൗരവം ഏവരും തിരിച്ചറിഞ്ഞാൽ നന്ന്.


# 'മരിച്ചവർ എവിടെ' വില്പന തുടരുന്നു

''മരിച്ചവർ എവിടെ'' എന്ന പുസ്തകത്തിന്റെ വില്പന തുടരുന്നു. കുറഞ്ഞത് 100 രൂപയെങ്കിലും വിലയിടാവുന്ന ഈ പുസ്തകം ഉല്പാദനച്ചെലവായ 30 രൂപയ്ക്കാണ് വിൽക്കുന്നത്. പുസ്തകം നേരിൽ വാങ്ങുന്നവർ 30 രൂപ തന്നാൽ മതിയാകും. ഇന്റർനെറ്റ് കണക്ഷനുള്ളവർക്ക് പുസ്തകം ഇന്റർനെറ്റിൽ നിന്ന് സൗജന്യമായി ഡൗൺ ലോഡ് ചെയ്യാവുന്നതാണ്. വിലാസം: www.tsbalan.com

പോസ്റ്റിൽ ലഭിക്കുവാൻ പോസ്റ്റേജ് അടക്കം (ഇന്ത്യയിൽ) നൽകേണ്ട വില താഴെ കൊടുക്കുന്നു: ഒരു കോപ്പി- 50 രൂപ. രണ്ടു കോപ്പി- 90 രൂപ. അഞ്ചു കോപ്പി- 180 രൂപ. പത്തു കോപ്പി- 350 രൂപ. പത്തിൽ അധികം കോപ്പികൾ ആവശ്യമുള്ളവർ 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും 50 രൂപ പോസ്റ്റേജും നൽകിയാൽ മതിയാകും.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുറിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 25 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.

പണം അയയ്ക്കേണ്ട വിലാസം:

**T.S.Balan, Anand Bhavan, Near: KSRTC,**
**Perumbavoor P.O., Ernakulam Dist. Pin. 683542.**
**Phone: 0484-3232356. Mob: 96564 32921**

# അന്യഭാഷയുടെ ഉപയോഗം

മൈക്കിലൂടെ അന്യഭാഷ പറയുന്നതിനെതിരെ കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ ജയ്മോഹൻ വരച്ച കാർട്ടൂൺ ഏറെ പ്രശംസ നേടുവാൻ ഇടയായി. അന്യഭാഷ ദുരുപയോഗം ചെയ്യുന്നതിനെതിരെ എഴുതണമെന്ന് പലരും ആവശ്യപ്പെട്ടതുകൊണ്ട് അന്യഭാഷയുടെ ഉപയോഗം, ദുരുപയോഗം എന്നിവയേക്കുറിച്ച് എഴുതുകയാണ്. ഈ കുറിപ്പു വായിക്കുന്നതിനു മുൻപായി 1കൊരി. 14 ഒരുവട്ടം വായിക്കുക.

അന്യഭാഷ ദുരുപയോഗം ചെയ്യുന്നവർ ഒന്നാം നൂറ്റാണ്ടിലും ഉണ്ടായിരുന്നു. അവർക്കുള്ള നിർദ്ദേശങ്ങളാണ് 14-ാം അദ്ധ്യായത്തിൽ കാണുന്നത്. ഈ ഭാഗം പഠിച്ചാൽ താഴെ പറയുന്ന വസ്തുതകൾ മനസ്സിലാക്കാം:

1. അന്യഭാഷയിൽ സംസാരിക്കുന്ന വ്യക്തിക്ക് അന്യഭാഷ പറയാനോ പറയാതിരിക്കാനോ കഴിയും. ദൈവാത്മാവ് ആരേക്കൊണ്ടും ബലമായി അന്യഭാഷ പറയിക്കുന്നില്ല.
2. ഉപയോഗം അടിസ്ഥാനമാക്കി അന്യഭാഷയെ, മനുഷ്യൻ ദൈവത്തോടു സംസാരിക്കുന്നത്, ദൈവം മനുഷ്യനോടു സംസാരിക്കുന്നത് എന്നിങ്ങനെ രണ്ടായി തിരിക്കാം.
3. മനുഷ്യൻ ദൈവത്തോടു സംസാരിക്കുന്ന അന്യഭാഷ സ്വന്തം ആത്മീക വർദ്ധനയ്ക്കുള്ളതാണ്. അതുകൊണ്ട് ഈ തരത്തിലുള്ള അന്യഭാഷ സഭയിൽ സംസാരിക്കുന്നത് ഒഴിവാക്കണം.
4. സഭ കൂടിവരുന്നത് പൊതുവിലുള്ള ആത്മീക വർദ്ധനക്കാണ്. അതുകൊണ് സഭയുടെ ആത്മീക വർദ്ധനയ്ക്കുള്ളതു മാത്രമേ സഭയിൽ ചെയ്യാവൂ.
5. അന്യഭാഷയിൽ സംസാരിക്കുന്നത് ആർക്കും ഗ്രഹിക്കാനാവുന്നതല്ല. അതുകൊണ്ട് സഭയിൽ വന്നിരുന്ന് അന്യഭാഷ പറഞ്ഞാൽ അതുകൊണ്ട് മറ്റാർക്കും ആത്മീക വർദ്ധനവുണ്ടാകുകയില്ല.
6. പ്രവചനം നടത്തുന്നത് ഏവർക്കും മനസ്സിലാകുന്ന ഭാഷയിലാണ്. അതുകൊണ്ട് അതു സഭയുടെ ആത്മീക വർദ്ധനക്കുള്ളതാണ്. ആർക്കും മനസ്സിലാകാത്ത അന്യഭാഷ സഭയിൽ പറഞ്ഞു സമയം കളയുന്നതിനു പകരം മറ്റുള്ളവർക്കുകൂടി ആത്മീക വർദ്ധനവുണ്ടാക്കാൻ സഹായകമായ പ്രവചനം നടത്താൻ ഏവരും ശ്രദ്ധിക്കണം.
7. ദൈവാത്മാവ് അന്യഭാഷയിലൂടെ ജനത്തോടു സംസാരിക്കും. (14:21). പക്ഷേ വ്യാഖ്യാനിക്കപ്പെടുന്നില്ലെങ്കിൽ ഈ അന്യഭാഷ സഭയുടെ ആത്മീക വർദ്ധനവിനു കാരണമാകുന്നില്ല.
8. അന്യഭാഷാ വ്യാഖ്യാനം എന്നൊരു കൃപാവരമുണ്ട്. (12:10). പ്രയോജനം അടിസ്ഥാനമാക്കി പറഞ്ഞാൽ ഇതു പ്രവചനത്തിനു തുല്യമാണ്.
9. അന്യഭാഷാ വ്യാഖ്യാനം രണ്ടു വിധത്തിൽ സംഭവിക്കാം. അന്യഭാഷയിൽ സംസാരിക്കുന്ന വ്യക്തിതന്നെ അതു വ്യാഖ്യാനിക്കുന്നതാണ് ഒരു രീതി. ഒരാൾ അന്യഭാഷയിൽ സംസാരിക്കുകയും മറ്റൊരാൾ അന്യഭാഷ വ്യാഖ്യാനിക്കുകയും ചെയ്യുന്നതാണ് രണ്ടാമത്തേത്.
10. വ്യാഖ്യാനവരമുള്ളവർ സഭയിലുണ്ടെങ്കിൽ മാത്രമേ മറ്റുള്ളവർക്കു കേൾക്കാവുന്ന ശബ്ദത്തിൽ അന്യഭാഷ പറയാവൂ. വ്യാഖ്യാനവുമുള്ളവർ സഭയിലില്ലെങ്കിൽ അന്യഭാഷക്കാരൻ തനിക്കു വ്യാഖ്യാനവരം ലഭിക്കാനായി പ്രാർത്ഥിക്കണം. അതു ലഭിച്ച ശേഷം മാത്രമേ സഭയിൽ അന്യഭാഷ പറയാവൂ.
11. 1കൊരി.14ൽ പൗലോസ് നൽകുന്ന നിർദ്ദേശങ്ങളെല്ലാം സഭയിൽ അന്യഭാഷ പറയുന്നതുമായി ബന്ധപ്പെട്ടതാണ്. ഒരു വ്യക്തിയുടെ സ്വകാര്യ പ്രാർത്ഥനയിൽ അന്യഭാഷ പറയുന്നതിന് നിയന്ത്രണങ്ങളൊന്നുമില്ല. സഭയിലിരുന്ന് അന്യഭാഷ പറഞ്ഞേ പറ്റൂ എന്നു നിർബ്ബന്ധമുള്ളവർ മറ്റുള്ളവർക്കു ശല്യമുണ്ടാകാത്ത വിധത്തിൽ ശബ്ദം താഴ്ത്തി അന്യഭാഷ പറയണം. ''വ്യാഖ്യാനി ഇല്ലാതിരുന്ന അന്യഭാഷക്കാരൻ സഭയിൽ മിണ്ടാതെ തന്നോടും ദൈവത്തോടും സംസാരിക്കട്ടെ.'' (14:28).

അന്യഭാഷയുടെ ഉപയോഗം, ദുരുപയോഗം എന്നിവയേക്കുറിച്ചു പൗലോസ് നൽകുന്ന നിർദ്ദേശങ്ങളുടെ രത്നച്ചുരുക്കം ഇതൊക്കെയാണ്. ഈ വസ്തുതകൾ മുമ്പിൽ വച്ചുകൊണ്ടു വിലയിരുത്തൂ: മൈക്കിൽക്കൂടി അന്യഭാഷ പറയുന്നത് അനുവദനീയമോ? അല്ല എന്നു വ്യക്തം.

മൈക്കിലൂടെ അന്യഭാഷ പറയുമ്പോൾ കേൾവിക്കാർക്ക് അത്മീക വർദ്ധനവ് ഉണ്ടാകുന്നുണ്ടോ? ഇല്ലെന്നു പൗലോസ് പറയുന്നു: ''നീ ആത്മാവുകൊണ്ടു സ്തോത്രം ചൊല്ലിയാൽ ആത്മവരമില്ലാത്തവൻ നീ പറയുന്നതു തിരിയാതിരിക്കെ നിന്റെ സ്തോത്രത്തിന് എങ്ങനെ ആമേൻ പറയും? നീ നന്നായി സ്തോത്രം ചൊല്ലുന്നു സത്യം; മറ്റവന് ആത്മികവർദ്ധന വരുന്നില്ലതാനും.''

മനുഷ്യൻ ദൈവത്തോടു സംസാരിക്കുന്ന അന്യഭാഷയോണ് മൈക്കിലൂടെ പറഞ്ഞത് എന്നു ചിലരെങ്കിലും വാദിച്ചേക്കാം. പക്ഷേ ആ വാദം അർത്ഥശൂന്യമാണ്. മൈക്കിലൂടെ പറഞ്ഞാൽ മാത്രമേ ദൈവത്തിനു കേൾക്കാൻ കഴിയൂ എന്നില്ലല്ലോ. മാത്രമല്ല, അന്യഭാഷ പറയുന്ന വ്യക്തിക്കു ദൈവത്തോടു പറയാനുള്ളത് പറയാനായിട്ടല്ലല്ലോ കൺവൻഷനും സഭായോഗവും മറ്റും നടത്തുന്നത്.

മൈക്കിലൂടെ അന്യഭാഷ പറയുന്നതിന്റെ യഥാർത്ഥ കാരണം ഇതൊന്നുമല്ലെന്നു നമുക്കറിയാം. ''ഞാൻ എത്ര വലിയ ഭക്തനാണെന്നു നോക്കുവീൻ'' എന്നാണ് മൈക്കിലൂടെ അയാൾ പറയുന്നത്. ഭക്തിയുടേയും ആത്മനിറവിന്റേയും പ്രതീകമായി ജനം തന്നെ കാണണം. അതിനുള്ള അടവാണ് അയാൾ മൈക്കിലൂടെ പ്രയോഗിക്കുന്നത്. പക്ഷേ ഇതിലൂടെ ദൈവനാമം ദുഷിക്കപ്പെടുകയാണു ചെയ്യുന്നതെന്ന വസ്തുത അന്യഭാഷക്കാരൻ അറിയുന്നില്ല.

അന്യഭാഷ നിരന്തരം കേൾക്കുന്ന പെന്തക്കോസ്തുകാർക്ക് ഇതൊക്കെ സാധാരണ സംഭവമായി തോന്നിയേക്കാം. പക്ഷേ അന്യഭാഷ എന്നാൽ എന്ത് എന്നുപോലും തിരിയാത്ത സാധാരണക്കാർക്ക് അന്യഭാഷ വെറും ജല്പനമായേ തോന്നൂ. ദൈവമക്കളെ പരിഹസിക്കാൻ അവർ അന്യഭാഷ ആയുധമാക്കും.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** രാത്രിയിൽ മാത്രമേ തിരുവത്താഴ ശുശ്രൂഷ നടത്താവൂ എന്നു ചിലർ പറയുന്നു. ശനിയാഴ്ച ശബതാകയാൽ അന്നു തിരുവത്താഴം നടത്തരുതെന്നാണ് മറ്റു ചിലരുടെ സിദ്ധാന്തം. പുളിപ്പില്ലാത്ത അപ്പം മാത്രമേ ഉപയോഗിക്കാവൂ എന്നു ശഠിക്കുന്നവരുണ്ട്. ഇതിനൊക്കെ തിരുവചനത്തിൽ എന്തെങ്കിലും ആധാരമുണ്ടോ?

■ ഒരു നിലപാട് ശരിയോ തെറ്റോ എന്നു പരിശോധിക്കാൻ മൂന്നു ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തിയാൻ മതിയാകും.

1. കർത്താവ് കല്പിച്ചിട്ടുണ്ടോ?
2. അപ്പോസ്തലൻമാർ ചെയ്തിട്ടുണ്ടോ?
3. ലേഖനങ്ങളിൽ ഉപദേശമുണ്ടോ?

സ്നാനം ആവശ്യമുണ്ടോ എന്ന ചോദ്യം ഉദാഹരണമായെടുക്കാം. കർത്താവ് കൽപ്പിച്ചിട്ടുണ്ട്, അപ്പോസ്തലൻമാർ ചെയ്തിട്ടുണ്ട്, ലേഖനത്തിൽ ഉപദേശവുമുണ്ട്. അതുകൊണ്ട് വിശ്വാസസ്നാനം ആവശ്യംതന്നെ.

തിരുവത്താഴം ആവശ്യമുണ്ടോ? ഉണ്ട്. കാരണം, കർത്താവു കല്പിച്ചു, അപ്പോസ്തലൻമാർ ചെയ്തു, ലേഖനത്തിൽ ഉപദേശമുണ്ട്.

തിരുവത്താഴം രാത്രിയിൽ മാത്രമേ നടത്താവൂ എന്നു ശഠിക്കുന്നതു ശരിയായ നിലപാടാണോ? കർത്താവു തിരുവത്താഴം നടത്തിയത് രാത്രിയിലാണ്. തിരുവത്താഴം നടത്തണമെന്നു കർത്താവു കല്പിച്ചെങ്കിലും രാത്രിയിൽ നടത്തണമെന്നു പറഞ്ഞില്ല. തിരുവത്താഴം രാത്രിയിൽ മാത്രമേ നടത്തൂ എന്ന് അപ്പോസ്തലൻമാർ ശഠിച്ചതായി തെളിവില്ല. തിരുവത്താഴം നടത്തുന്നതുമായി ബന്ധപ്പെട്ട് ലേഖനങ്ങളിൽ ഉപദേമുണ്ടെങ്കിലും രാത്രിയിൽ മാത്രമേ തിരുവത്താഴം നടത്താവൂ എന്നു പറയുന്നില്ല. അതുകൊണ്ട് തിരുവത്താഴം രാത്രിയിൽ മാത്രമേ നടത്താവൂ എന്നു ശഠിക്കുന്നതിന് തിരുവചനത്തിൽ ആധാരമില്ല.

അത്താഴം എന്നത് രാത്രിയിൽ കഴിക്കുന്ന ഭക്ഷണമായതുകൊണ്ട് തിരുവത്താഴ ശുശ്രൂഷ രാത്രിയിൽ മാത്രമേ നടത്താവൂ എന്നാണ് ചിലരുടെ വാദം. അത്താഴം കഴിക്കുന്നതിനിടയിലാണ് കർത്താവ് ഈ ശുശ്രൂഷ സ്ഥാപിച്ചത്. അതുകൊണ്ട് ഈ ശുശ്രൂഷയ്ക്കു തിരുവത്താഴം എന്നു പേരുണ്ടായി എന്നേയുള്ളൂ. രാത്രിയിൽ മാത്രമേ ഈ ശുശ്രൂഷ നടത്താവൂ എന്നതിനു തെളിവായി ഇതു സ്വീകരിക്കാനാവില്ല. മാത്രമല്ല, സമയത്തിനു പ്രാധാന്യമുണ്ടായിരുന്നെങ്കിൽ അതു തീർച്ചയായും കർത്താവോ ശിഷ്യൻമാരോ പ്രത്യേകം എടുത്തു പറയുമായിരുന്നു.

ശനിയാഴ്ച ശബതാണെന്നതു സത്യം തന്നെ. പക്ഷേ പുതിയ നിയമ വിശ്വാസികൾ ശബത് ആചരിക്കേണ്ടതില്ല. ശനിയും ഞായറും തിങ്കളുമെല്ലാം വിശ്വാസിക്ക് ഒന്നുപോലെയാണ്. സംശയമുള്ളവർ മേല്പറഞ്ഞ ചോദ്യങ്ങൾ ചോദിച്ചുനോക്കൂ:

1. ശനിയാഴ്ച തിരുവത്താനം നടത്തരുതെന്നു കർത്താവു കല്പിച്ചിട്ടുണ്ടോ?
2. അപ്പോസ്തലൻമാർ ശനിയാഴ്ച തിരുവത്താഴം നടത്തുന്നത് ഒഴിവാക്കിയിട്ടുണ്ടോ?
3. ലേഖനങ്ങളിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം കാണാനുണ്ടോ?

ശബതും തിരുവത്താഴവും തമ്മിൽ ബന്ധപ്പെടുത്തി പറയുന്ന ഒരു വാക്യംപോലും ദൈവവചനത്തിലില്ല.

തിരുവത്താഴത്തിന് പുളിപ്പില്ലാത്ത അപ്പം മാത്രമേ ഉപയോഗിക്കാവൂ എന്നു ശഠിക്കുന്നതും അടിസ്ഥാന രഹിതമായ കാര്യം തന്നെ. കർത്താവോ ശിഷ്യൻമാരോ ഇതുമായി ബന്ധപ്പെട്ട് ഒന്നുംതന്നെ പറഞ്ഞിട്ടില്ല. അതുകൊണ്ട് നാം പുതിയ കല്പന ഉണ്ടാക്കേണ്ടതുമില്ല.

എന്തെങ്കിലുമൊക്കെ പറഞ്ഞ് വചന പണ്ഡിതർ ചമയാൻ ശ്രമിക്കുന്നവർ നിരവധിയുണ്ട്. ഇത്തരം വേഷംകെട്ടലുകൾ നടത്തി അഷ്ടിക്കുള്ള വക കണ്ടെത്തുകയാണ് ലക്ഷ്യം. ഇത്തരക്കാർ ഇങ്ങനെ പല സിദ്ധാന്തങ്ങളും അവതരിപ്പിക്കും. ഇതൊക്കെ സഭകളിൽ പ്രസംഗിച്ച് കലക്കമുണ്ടാക്കും.

തരംകിട്ടുന്നിടത്തു പാർക്കാൻ പുറപ്പെട്ട ലേവ്യനേക്കുറിച്ച് ന്യായാധിപൻമാരുടെ പുസ്തകത്തിൽ പറയുന്നുണ്ട്. ഇത്തരത്തിലുള്ളവർ ഇന്നുമുണ്ട്. ദൈവദാസൻമാരുടെ വേഷത്തിൽ ഇവർ ഊരുചുറ്റുന്നു. തരം കിട്ടുന്നിടത്തു പാർക്കുന്നു.

വാളെടുത്തവനെല്ലാം വെളിച്ചപ്പാട് എന്നതാണ് ഇപ്പോൾ പെന്തക്കോസ്തിലെ സ്ഥിതി. വേദപുസ്തകം കൈയ്യിലെടുത്തവനെല്ലാം പാസ്റ്ററാണ്. ഏതു സഭയിലും ചെല്ലാം. പ്രസംഗിക്കാൻ സമയം കിട്ടും. എന്തു വിവരക്കേടും പറയാം. ജനം ഹാലേലൂയ്യാ പറഞ്ഞുകൊള്ളും. യഹോവയുടെ അഭിഷിക്തനെതിരെ സംസാരിച്ചാൽ ദൈവം തട്ടിക്കളയുമത്രേ. ഈ കള്ളൻമാരെയെല്ലാം യഹോവയുടെ അഭിഷിക്തന്മാരായി ജനം പരിഗണിക്കുന്നു. അതുകൊണ്ട് അവർക്കെതിരെ ഒരക്ഷരം മിണ്ടില്ല. എന്തും ചെയ്യാൻ ഈ കപടവേഷധാരികൾക്കു ധൈര്യം കിട്ടുന്നത് ഈ കാരണത്താലത്രേ. ഈ സ്ഥിതിക്കു മാറ്റം വരാതെ പ്രശ്നം തീരുകയില്ല.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9656432921 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.
Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

<u>Address:</u>

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# അവറാൻ കുറ്റിക്കാട്ടിൽ



ലഗ്യോൻ ബാധിച്ചവൻ ശവപ്പറമ്പിലായിരുന്നു താമസം എന്നു ബൈബിൾ പറയുന്നു. അവറാനെ ചിലപ്പോൾ ഇത്തരത്തിലുള്ള ചില ആത്മാക്കൾ ബാധിക്കും. അപ്പോൾ എവിടേക്കെങ്കിലും ഈ ച ങ്ങാതി ഇറങ്ങിപ്പോകും. ഏതാനും മാസം മുൻപ് ഈ മാന്യദേഹം പോയത് ഒരു പാറമടയിലേക്കായിരുന്നു. ഇപ്പോഴിതാ കുറ്റിക്കാട്ടിൽ എത്തിയിരിക്കുന്നു. ഈയിടെ ചവറിൽ സംപ്രേക്ഷണം ചെയ്ത ഒരു പ്രസംഗം ഇയാൾ നടത്തിയത് ഒരു കുറ്റിക്കാട്ടിൽ വച്ചായിരുന്നു. നാളെ ഇയാൾ എവിടേക്കാണാവോ പോകുക! ഇരുപതു നൂറ്റാണ്ടു കഴിഞ്ഞിട്ടും ലഗ്യോന്റെ സ്വഭാവം മാറിയിട്ടില്ല.

# അവറാനും പറ്റി അമളി

''അമ്മവനു പറ്റിയ അമളി'' എന്നൊരു സിനിമയുണ്ട്. അതു പോലെ, ''അവറാനു പറ്റിയ അമളി'' എന്നൊരു സിനിമ എടുക്കാനുള്ള വഹ ഈ കഥയിലുണ്ട്. ഏതാനും ആഴ്ചകൾ മുമ്പു നടന്ന സംഭവമാണ്. മദ്ധ്യകേരളത്തിൽ ഏറെ പ്രോഗ്രാമുകളൊന്നും കിട്ടാത്തതുകൊണ്ട് അവറാനും ടീമും വടക്കൻ കേരളത്തിലാണു വിളയാടുന്നത്. ഒരിടത്ത് കൺവൻഷൻ കഴിഞ്ഞപ്പോൾ ഒരു പാസ്റ്റർ അവറാനെ സമീപിച്ചു. അത്താഴം തന്നോടൊപ്പമാകാമെന്ന് ക്ഷണിക്കയും ചെയ്തു. നല്ല ഭക്ഷണവും ഒരു കൈമടക്കും കിട്ടാനുള്ള അവസരമാണ് മുൻപിൽ എത്തിയിരിക്കുന്നത്. കൂടുതൽ ഒന്നും ആലോചിക്കാതെ അവറാൻ സമ്മതിച്ചു. പക്ഷേ യോഗത്തിന്റെ നടത്തിപ്പുകാരനായ പാസ്റ്റർ എതിർത്തു. അവറാനും ടീമിനും അദ്ദേഹം ഭക്ഷണമൊരുക്കിയിട്ടുണ്ട്. അവറാൻ അതു കഴിക്കാതെ പോകുന്നതു ശരിയല്ല. പക്ഷേ അവറാൻ വിട്ടുകൊടുത്തില്ല. ''നല്ലയൊരു ഭക്ഷണം കഴിക്കാനും നിങ്ങൾ സമ്മതിക്കില്ലേ'' എന്നായി അവറാൻ. അതോടെ പാസ്റ്ററുടെ എതിർപ്പ് അവസാനിച്ചു.

ഭക്ഷണം കഴിക്കാനായി ടൗണിൽ എത്തിയപ്പോഴാണ് അവറാനും അന്നദാതാവും പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കിയത്. ഹോട്ടലുകളെല്ലാം അടച്ചിരിക്കുന്നു. തട്ടുകടകൾ പോലും കാണാനില്ല. മറ്റൊരു വഴിയും കാണാതായപ്പോൾ ആതിഥേയനായ പാസ്റ്ററെ വിളിച്ച് ''മോരില്ലേൽ ശകലം ഉണ്ടേക്കാം'' എന്ന പരുവത്തിൽ സംസാരിച്ചു നോക്കി. പാസ്റ്റർക്ക് സംഗതി പിടികിട്ടിയെങ്കിലും ഒന്നും മനസ്സിലാകാത്തതുപോലെ അഭിനയിച്ചു. ഇനി എന്തുചെയ്യും? ഗതികെട്ടാൽ പുലി പുല്ലും തിന്നും എന്നാണല്ലോ കുഞ്ചൻ നമ്പ്യാർ പറഞ്ഞത്. എവിടെനിന്നോ കുറെ ഉണക്കറൊട്ടി സംഘടിപ്പിച്ച്, വളിച്ച തക്കാളിക്കറിയും കൂട്ടി ശാപ്പിട്ട് അവറാൻ വിശപ്പടക്കി. (കുശാൽ)




# വാൾട്ടോ ഗൾഫിൽ



ആന്റണി വാൾട്ടോ യു.എ.ഇയിൽ പര്യടനം നടത്തുന്നതായി വിവരം ലഭിച്ചിരിക്കുന്നു. ഇപ്പോൾ ഇയാൾ കള്ളപ്രവചനവും ആരംഭിച്ചിട്ടുണ്ട്. രണ്ടു വർഷം മുൻപ് ഇയാൾ എറണാകുളത്തു സംഘടിപ്പിച്ച സംഗീത പരിപാടിയുടെ സി.ഡി കാണിച്ചാണ് ജനങ്ങളെ വശീകരിക്കുന്നത്. യു.എ.ഇയിലുള്ള ദൈവമക്കൾ സൂക്ഷിക്കുക. ഇയാൾ തട്ടിപ്പുകാരനാണ്.

# കെ.സി.ജോൺ ചാരനാണെന്ന്

ഐ.പി.സിയുടെ പ്രസിഡന്റായ കെ.സി.ജോൺ റ്റി.എസ്. ബാലന്റെ ചാരനാണോ? ആണെന്ന് ഐ.പി.സിയിലെ ഒരു പാസ്റ്റർ പറയുന്നു. വെറുതെ പറയുകയല്ല തെളിവുസഹിതം വ്യക്തമാക്കുകയാണു ചെയ്തത്. സംഭവം ചുരുക്കി പറയാം:

രണ്ടാഴ്ച മുൻപാണ് സംഭവം നടന്നത്. കുമ്പനാട്ട് ഹെബ്രോൻ ബംഗ്ലാവിലിരുന്ന് കെ.സി.ജോൺ ചില പാസ്റ്റർമാരുമായി സംസാരിക്കുകയായിരുന്നു. കുമ്പനാട് സെന്ററിൽ പെട്ട ഒരു പാസ്റ്റർ എന്തോ പറഞ്ഞ് കെ.സി.ജോണുമായി പിശകി. സ്വാഭാവികമായും വാക്കേറ്റവുമുണ്ടായി. അതിനിടയിലാണ് കെ.സി.ജോൺ ബാലന്റെ ചാരനാണെന്ന് ഈ പാസ്റ്റർ ആരോപിച്ചത്. സംഗതി ശരിയാണെന്നതിന് അദ്ദേഹം തെളിവും ഹാജാക്കി. ഈ പാസ്റ്ററുടെ കാറിലിരുന്ന് കെ.സി.ജോൺ ബാലനു ഫോൺ ചെയ്തിട്ടുണ്ടെന്നും കെ.സി.ജോണിന് നിഷേധിക്കാൻ ധൈര്യമുണ്ടോ എന്നും അദ്ദേഹം ചോദിച്ചു. അതോടെ കെ.സി.ജോണിനു നാവിറങ്ങിയ മട്ടായി. സംഭവം ശരിയായതുകൊണ്ട് നിഷേധിക്കാനാവില്ല. കെ.സി.ജോണിനു മറിപടി ഇല്ലാതായതോടെ അവിടെയുണ്ടായിരുന്നവർക്കെല്ലാം സംഗതി സത്യമാണെന്നു മനസ്സിലായി.

ഈ സംഭവത്തിനെല്ലാം ദൃക്സാക്ഷികളായ ചിലർ ഡിഫെൻഡർ ഓഫീസിലേക്കു വിളിച്ച് വിശദീകരണം തേടി. അവരോടെല്ലാം പറഞ്ഞ മറുപടി വായനക്കാരുടെ അറിവിലേക്കായി വീണ്ടും പറയാം: റ്റി.എസ്.ഏബ്രഹാമിനേക്കുറിച്ച് കെ.സി.ജോൺ ഡിഫെൻഡറിനു വിവരം തന്നിട്ടുണ്ട് എന്നതു ശരിയാണ്. ആദ്യം തിരുവല്ലയിൽ വച്ച് നേരിൽ പറയുകയായിരുന്നു. പിന്നീട് പലവട്ടം ഫോണിൽ പറഞ്ഞിട്ടുമുണ്ട്. എവിടെയിരുന്നാണു ഫോൺ വിളിച്ചതെന്നു പറയാനാവില്ല. ഒരു പക്ഷേ ഈ പാസ്റ്ററുടെ കാറിലിരുന്നും ഫോൺ വിളിച്ചിരിക്കാം.

# ബഥേൽ സന്തോഷത്തിലാണ്

വ്യഭിചാരത്തിന്റെ അപ്പോസ്തലനായ ബഥേൽ പി. ജേക്കബ് ഈയിടെയായി വലിയ സന്തോഷത്തിലാണ്. പ്രധാനമായി മൂന്നു കാര്യങ്ങളാണ് സന്തോഷത്തിനു കാരണം:

1. എതിരാളികളുടെ കൺവൻഷൻ വിജയകരമായി കലക്കി. അടുത്ത കാലം വരെ ബഥേലിനോടൊപ്പം നിൽക്കുകയും ബഥേലിന്റെ ദുർന്നടപ്പും തട്ടിപ്പും വെളിപ്പെട്ടപ്പോൾ ബഥേലിനെ വിട്ടുപോയവരുമായ ആളുകൾ ഗുജറാത്തിൽ നടത്തിയ കൺവൻഷൻ കലക്കുന്നതിൽ ബഥേലിനു വിജയിക്കാൻ കഴിഞ്ഞു എന്നതു ചെറിയ കാര്യമല്ല.

2. കാശിനാഥനു വീടുവാങ്ങി. ബഥേലിന്റെ സ്റ്റെപ്പിനികളിൽ ഒരാളുടെ ഭർത്താവും ബഥേലിന്റെ മന:സാക്ഷി സൂക്ഷിപ്പുകാരനുമായ കാശിനാഥന് വീടു വാങ്ങിക്കൊടുക്കാൻ കഴിഞ്ഞത് വലിയ നേട്ടമാണ്. ഇനി ഇന്ത്യയിൽ എത്തുമ്പോൾ കാശിനാഥന്റെ വീട്ടിൽ താമസിച്ചുകൊണ്ട് മൃഷ്ടാന്നമായി വ്യഭിചരിക്കാം.



3. ബഥേൽ വ്യഭിചാരിയും തട്ടിപ്പുകാരനുമാണെന്ന് ഡിഫെൻഡർ എഴുതിയിട്ടും ബഥേലിനു പണം കൊടുക്കാൻ ഇപ്പോഴും ചില കഴുതകൾ തയ്യാറാകുന്നു. കാശിനാഥനു വീടുവയ്ക്കാൻ പണം കൊടുത്തതും ഇവരാണ്. ഈ മൂന്നു കാര്യങ്ങളും ബഥേലിന് അത്യന്തം സന്തോഷം ഉളവാക്കുന്നവയാണ്.

# പെണ്ണൂട്ടി അതിരുവിടുന്നു

ശാരോനിലെ പ്രമുഖ ദുർന്നടപ്പുകാരനും സ്വന്തം മകളെ വരെ കാമപൂരണത്തിന് ഉപയോഗിച്ചുകൊണ്ട് ലോത്തിന്റെ കഥക്കു പുതിയ പ്രായോഗിക ഭാഷ്യം ചമച്ചവനുമായ സി.വി. ജോൺ എന്ന കുഞ്ഞൂട്ടിയേക്കുറിച്ച് ഈയിടെയായി ഡിഫെൻഡർ എഴുതാറില്ല. പ്രായം കുറെ ഏറെ ആയതുകൊണ്ട് തോന്ന്യാസങ്ങളൊക്കെ നിർത്തി മാനംമര്യാദയ്ക്കു ജീവിക്കുകയായിരിക്കും ഈ ചങ്ങാതി എന്ന ധാരണയിലാണ് ഡിഫെൻഡർ ഇയാളെ ഒഴിവാക്കിയിരുന്നത്. പക്ഷേ അണ്ണാൻ മൂത്താലും മരംകയറ്റം നിർത്തുകയില്ല എന്നു പറഞ്ഞതുപോലെ പ്രായമിത്രയും ആയിട്ടും ഇയാൾ പഴയപണികളൊന്നും നിർത്തിയിട്ടില്ലെന്ന് ഈയിടെ വ്യക്തമായി. അതുകൊണ്ട് ഇയാളേക്കുറിച്ച് വീണ്ടും എഴുതേണ്ടതായി വന്നിരിക്കുന്നു.

ഈ മാന്യനേക്കുറിച്ച് ഏറെ പറയാനുണ്ട്. ശാരോന്റെ



ക്യാൻസറാണ് കുഞ്ഞൂട്ടി എന്നു പറയുകയാകും ശരി. ആഭാസൻമാർ പോലും ചെയ്യാൻ അറയ്ക്കുന്ന ഹീനകൃത്യങ്ങൾ പോലും ഇയാൾ ചെയ്യും. ശാരോന്റെ വനിതാ ബൈബിൾ കോളേജിൽ പഠിക്കാനെത്തിയ പെൺകുട്ടികളിൽ ഭൂരിപക്ഷവും ഇയാളുടെ ലൈംഗിക പീഡനത്തിന് ഇരയായി. മോഷണം, തട്ടിപ്പ് തുടങ്ങിയവയുടെ കാര്യം പറയാതിരിക്കുകയാണു ഭേദം. വിശദമായ വിവരണം തുടർന്നുള്ള ലക്കങ്ങളിൽ.



# ദുരാത്മാവു ബാധിച്ച നേതാക്കൻമാർ

ദൈവദാസൻമാരെ ദുരാത്മാവു ബാധിക്കുമോ? ഇല്ല, ഒരിക്കലും അങ്ങനെ സംഭവിക്കുകയില്ല. പക്ഷേ ദൈവദാസൻമാരുടെ വേഷം കെട്ടി നടക്കുന്ന കള്ളൻമാരെ ദുരാത്മാവു ബാധിക്കും. അതുപോലെ, ദൈവത്തെ വിട്ടു പോയ ദൈവദാസൻമാരേയും ദുരാത്മാവു ബാധിക്കും. ശൗലിന്റെ കഥതന്നെ നല്ല ഉദാഹരണം. അങ്ങനെയെങ്കിൽ ചില പെന്തക്കോസ്ത് നേതാക്കൻമാരെങ്കിലും ഇപ്പോൾ ദുരാത്മാവിന്റെ പിടിയിലാണെന്നു വ്യക്തം.

ഒരു വ്യക്തിയെ നയിക്കുന്നതു ദൈവാത്മാവാണോ ദുരാത്മാവാണോ എന്ന് എങ്ങനെ തിരിച്ചറിയാം? ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവൻ ദൈവവചനത്തിന്റെ പരിധിയിൽ നിന്നുകൊണ്ടു പ്രവർത്തിക്കും. പാപം ചെയ്യാതെ തന്നെത്തന്നെ സൂക്ഷിക്കും. ദുരുപദേശക്കാർ, ദുർന്നടപടിക്കാർ തുടങ്ങിയവരുമായി വേർപാടു പാലിക്കും. പണവും പ്രതാപവും മറ്റും നേടാനായി സത്യവിശ്വാസത്തെ അടിയറ വെയ്ക്കുകയില്ല. പക്ഷേ ദുരാത്മാവിനാൽ നയിക്കപ്പെടുന്നവൻ ഇതിനു നേർവിപരീതമായ പ്രവൃത്തികളാകും ചെയ്യുക. ദൈവവചനം എന്തുതന്നെ പറഞ്ഞാലും തനിക്കു ബോധിച്ചതുപോലെ അവൻ നടക്കും. ഏത്രവലിയ പാപം ചെയ്യാനും മടിക്കയില്ല. ദുർന്നടപ്പുകാർ, ദുരുപദേശക്കാർ തുടങ്ങിയവരുമായി കൂട്ടുകൂടാൻ ശങ്കിക്കയില്ല. വേർപാടിന് ഒരു വിലയും കല്പിക്കയില്ല. പണവും പ്രതാപവും നേടാൻ വേണ്ടി എന്തും ചെയ്യും. ഈ ലക്ഷണങ്ങൾ വച്ചുകൊണ്ട് നിങ്ങൾ നിഷ്പക്ഷമായി ഒരു വിലയിരുത്തൽ നടത്തൂ. പെന്തക്കോസ്ത് നേതാക്കൻമാരിൽ പലരും ഇപ്പോൾ സാത്താന്റെ പിടിയിലാണെന്ന വസ്തുത അപ്പോൾ നിങ്ങൾക്കു മനസ്സിലാകും.

സാത്താന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള ഒരു പെന്തക്കോസ്ത് നേതാവാണ് ഐ.പി.സിയുടെ പ്രസിഡന്റായ കെ.സി. ജോൺ. ഐ.പി.സിയുടെ വിശ്വാസപ്രമാണത്തിൽ ഇയാൾക്കു വിശ്വാസമില്ല. ദൈവവചനത്തിനു വില കല്പിക്കുന്നില്ല. കുറ്റബോധമില്ലാതെ പാപം ചെയ്യുന്നു, പാപത്തിൽ ജീവിക്കുന്നു. ദുരുപദേശക്കാർ, ദുർന്നടപടിക്കാർ തുടങ്ങിയവരുമായി കൂട്ടുകൂടാൻ മടിയില്ല. വേർപാട് അശ്ശേഷമില്ല. പണം, പ്രതാപം തുടങ്ങിയവ നേടാനായി എന്തും ചെയ്യാൻ തയ്യാർ. എത്രവലിയ കള്ളവും പറയാൻ ശങ്കയില്ല. അങ്ങനെ പോകുന്നു ഇയാളുടെ ഗുണഗണങ്ങൾ.

കെ.സി.ജോൺ എവിടെ നിൽക്കുന്നു എന്നറിയാൻ ചവർ ചാനൽ കണ്ടാൽ മതി. കെ.സി. ജോണിന്റെ ദൈവം പറഞ്ഞിട്ടാണത്രേ ഈ ചാനൽ തുടങ്ങിയത്. മതപ്രചരണമോ മതപരിവർത്തനമോ ഈ ചാനലിന്റെ ലക്ഷ്യമല്ല എന്നു കെ.സി.ജോൺ വ്യക്തമാക്കിയിട്ടുണ്ട്. ഇതിനു വിരുദ്ധമായി ചില പ്രോഗ്രാമുകൾ ചവർ ചാനലിൽ സംപ്രേക്ഷണം ചെയ്യേണ്ടതായി വരുന്നുണ്ട്. അവയെല്ലാം സ്പോൺസേഡ് പ്രോഗ്രാമുകളാണ്. ചാനൽ നടത്തിക്കൊണ്ടു പോകാൻ ഇത്തരം പ്രോഗ്രാമുകൾ സംപ്രേക്ഷണം ചെയ്യേണ്ടതായി വരുന്നു എന്നു മാത്രം. എല്ലാ മതങ്ങളിലേയും നല്ല അംശങ്ങൾ എടുത്തു പ്രചരിപ്പിക്കാനാണ് കെ.സി.ജോൺ ചാനൽ തുടങ്ങിയത്. അതുകൊണ്ടാണ് വിശ്വാസസ്നാനം, അന്യഭാഷ അടയാളമായുള്ള പരിശുദ്ധാത്മസ്നാനം, വേർപാട് തുടങ്ങിയവയേക്കുറിച്ചുള്ള പ്രസംഗങ്ങൾ പൂർണ്ണമായും ഒഴിവാക്കുന്നത്. സമുദായക്കാരുടെ ദുരുപദേശങ്ങൾക്കെതിരെയുള്ള പ്രസംഗങ്ങളും ചവറിൽ സംപ്രേക്ഷണം ചെയ്യുകയില്ല. കാരണം, ഇതൊക്കെ കെ.സി.ജോണിന്റെ ദൈവത്തിന് ഇഷ്ടമല്ലത്രേ.

കത്തോലിക്കർ ഉൾപ്പെടെയുള്ള സമുദായക്കാരുടെ പാട്ട്, പ്രസംഗം തുടങ്ങിയവ ചവറിൽ നിരന്തരം സംപ്രേക്ഷണം ചെയ്യുന്നു. തിരുമേനിമാരെ ദൈവദാസന്മാരായി അവതരിപ്പിക്കുന്നു. അവരുടെ ഉപദേശങ്ങൾ ചാനലിലൂടെ മാലോകരെ അറിയിക്കുന്നു. കുമ്പനാട് കൺവൻഷൻ മാത്രമല്ല സമുദായക്കാരുടെ കൺവൻഷനുകളും ചവർ ചാനലിലൂടെ സംപ്രേക്ഷണം ചെയ്യുന്നു. ഈയിടെയായി, മാരാമൺ കൺവൻഷൻ ചവറിൽ സ്ഥിരമായി സംപ്രേക്ഷണം ചെയ്തുവരുന്നു. ഏതു ദുരുപദേശക്കാരനുമായും കെ.സി. ജോൺ കൂട്ടുകൂടും. പൂർണ്ണസുവിശേഷം പ്രസംഗിക്കുന്നതല്ല തന്റെ ലക്ഷ്യമെന്നു പരസ്യമായി പറയുന്നുമുണ്ട്. ഇത് ഏതാത്മാവാണ്?

ഇനി റ്റി.ജെ.ശാമുവലിന്റെ കാര്യം: അധികാരത്തിൽ കടിച്ചുതൂങ്ങാനായി ഏതു ഹീനകൃത്യവും ചെയ്യുന്ന ഈ വിദ്വാൻ 2020ൽ ഇന്ത്യ ക്രിസ്ത്യൻ രാഷ്ട്രമാകുമെന്നുള്ള കള്ളപ്രവചനം കഴിഞ്ഞ പത്തുവർഷമായി നടത്തിവരുന്നു. ദുരുപദേശക്കാർ, ദുർന്നടപടിക്കാർ തുടങ്ങിയവരുമായി കൂട്ടുകൂടുന്നു. എതിർക്കുന്നവരെ നിഷ്ക്കരുണം പീഡിപ്പിക്കയും സഭയിൽ നിന്നു പുറത്താക്കുകയും ചെയ്യുന്നു. പ്രസംഗിക്കുന്നതിനിടയിൽ ഏതോ ആത്മാവു ബാധിച്ചവനേപ്പോലെയുള്ള ചേഷ്ടകൾ കാണിക്കുന്നു. ഇടയ്ക്കോക്കെ സമനില വിട്ടവനേപ്പോലെ സംസാരിക്കുന്നു. ഇതെന്താത്മാവാണ്?

ഐ.പി.സിയുടെ വൈസ് പ്രസിഡന്റാകാൻ കച്ചകെട്ടി ഇറങ്ങിയിരിക്കുന്ന എം.എസ്.സാമുവലിന് ബൈബിൾ മാത്രമല്ല ദൈവവചനം. ഹൈന്ദവവേദങ്ങൾ, ഖുറാൻ, മറ്റു മതഗ്രന്ഥങ്ങൾ തുടങ്ങിയവയെല്ലാം ഈ ചങ്ങാതിക്കു ദൈവവചനമാണ്. സ്വന്തം മകളെ ഭാര്യയാക്കിയതിന് ദേവൻമാർ കൊന്നുകളഞ്ഞ പ്രജാപതി എന്ന ദേവൻ മനുഷ്യവർഗ്ഗത്തിന്റെ രക്ഷകനാണെന്നും ഇയാൾ പ്രസംഗിക്കുന്നു. ഈ മനുഷ്യനെ നിയന്ത്രിക്കുന്നത് ഏതാത്മാവാണ്?

പെന്തക്കോസ്തുകാർ നടത്തുന്ന കൺവൻഷനുകൾ ഉദ്ഘാടനം ചെയ്യുന്നതു രാഷ്ട്രീയക്കാർ, അല്ലെങ്കിൽ തിരുമേനിമാർ. പെന്തക്കോസ്ത് പത്രാധിപന്മാർ തിരുമേനിമാർക്കും രാഷ്ട്രീയക്കാർക്കും അവാർഡുകൾ കൊടുക്കുന്നു. അതല്ലെങ്കിൽ ഇത്തരക്കാർ നൽകുന്ന അവാർഡുകൾ വാങ്ങാൻ പോകുന്നു. അവാർഡ് കൊടുക്കലും വാങ്ങലും തൊഴിലാക്കിയവരുമുണ്ട്.

എല്ലാ വ്യാജഭാവവും നീക്കിക്കളയാൻ ദൈവവചനം പറയുമ്പോൾ വ്യാജ ഡിഗ്രികളുമായി പെന്തക്കോസ്ത് നേതാക്കന്മാർ വിലസുന്നു. പത്താംക്ലാസ്സ് തോറ്റവൻ ഡോക്റ്ററേറ്റുമായി വിലസുന്നു. മൂന്നു ചുമ്മാ ഡോയുള്ള കെ.സി.ജോൺ പെന്തക്കോസ്തിന്റെ പ്രതീകമാണ്. മിനിമം ഒരു ചുമ്മാ ഡോയെങ്കിലും ഇല്ലെങ്കിൽ പെന്തക്കോസ്ത് നേതാവാകില്ല എന്നതാണു സ്ഥിതി. പൊന്നു മാളോരേ, ഇതൊക്കെ എന്തുതരം ആത്മാവാണ്?

ഈ കള്ളൻമാരൊക്കെ അഭിഷിക്തന്മാരാണെന്നും ഇവരെ വിമർശിച്ചാൽ ദൈവം കോപിക്കുമെന്നുമാണു പ്രചരണം. ഇവരെ വിമർശിക്കുമ്പോൾ കോപിക്കുന്നത് ബൈബിളിലെ ദൈവമല്ലെന്നു തീർച്ച. അഭിഷേകം നഷ്ടപ്പെട്ട ശൗലിനെതിരെ ശക്തമായ ഭാഷയിലാണ് ശാമുവൽ സംസാരിച്ചത്. ദൈവത്തിന്റെ ഹൃദയപ്രകാരമുള്ളവനെന്നുപോലും പേരെടുത്ത ദാവീദിനെതിരെ സംസാരിക്കാൻ പ്രവാചകനെ നിയോഗിച്ചതു ബൈബിളിലെ ദൈവമാണ്. പത്രോസ് തെറ്റു ചെയ്പ്പോൾ പൗലോസ് പരസ്യമായി എതിർത്തു. ദൈവജനത്തെ വഴിതെറ്റിക്കുന്നവർ, ദുർന്നടപ്പുകാർ തുടങ്ങിയവർക്കെതിരെ പൗലോസ് നിശിതമായ ഭാഷയിലാണു പ്രതികരിച്ചത്. പരീശൻമാരേയും ശാസ്ത്രിമാരേയും സർപ്പസന്തതികളെന്നു വിളിക്കാൻ കർത്താവിനു മടിയുണ്ടായില്ല. അതുകൊണ്ട് ദൈവമക്കൾ പ്രതികരിക്കണം. പെന്തക്കോസ്തിലെ കള്ളൻമാർക്കെതിരെ ശക്തമായ നിലപാടെടുക്കണം.

# പൂവക്കാല സൂക്ഷിക്കണം

ധനവാൻ, സമ്പന്നൻ, ഒന്നിനും മുട്ടില്ല എന്ന സ്ഥിതിയിൽ എത്തിക്കഴിഞ്ഞാൽ എന്തും ചെയ്യാമെന്നു തോന്നാം. രാജു പൂവക്കാല ഈയിടെയായി ഇത്തരം ഒരു സ്ഥിതിയിലാണ്. വേണ്ടതിലധികം പണം കൈവശമുണ്ട്. കെ.സി.ജോണിന്റെ ശിങ്കിടിയായതുകൊണ്ട് ഐ.പി.സിയിൽ സ്ഥാനമാനങ്ങളുമുണ്ട്. ഇത്രയുമൊക്കെ ആയാൽ വളയമില്ലാതെ ചാടാം. പക്ഷേ സൂക്ഷിച്ചു ചാടുന്നതു നല്ലതാണ്.

ഐ.പി.സിയുടെ നൂറു കണക്കിനു സഭകൾ വാടകക്കെട്ടിടത്തിലാണു പ്രവർത്തിക്കുന്നത്. വാടക കൊടുക്കാൻപോലും പണമില്ലാതെ ബുദ്ധിമുട്ടുന്ന സഭകളും ഏറെയുണ്ട്. കാര്യങ്ങൾ ഇങ്ങനെയിരിക്കുമ്പോൾ ഒരു ലോക്കൽ സഭ സ്ഥലം വാങ്ങാൻ മാത്രം രണ്ടരക്കോടി രൂപ മുടക്കുന്നു. കെട്ടിടം പണിയാൻ എത്രകോടി രൂപ വേണ്ടിവരും എന്നു പറയാറായിട്ടില്ല. ദൈവം അനുഗ്രഹിച്ചതാണ് എന്നൊക്കെ പറയാൻ ആളുണ്ടാകുമെന്നറിയാം. എങ്കിലും ഇങ്ങനെ പണം കൊടുക്കുന്ന ദൈവത്തിൽ ഡിഫെൻഡറിനു വിശ്വാസമില്ല. അതുകൊണ്ട് ഈ മ്ലേച്ഛതയ്ക്കെതിരെ പ്രതികരിക്കാതിരിക്കാൻ പറ്റില്ല.

തിരുവല്ല പട്ടണത്തിലുള്ള അസംഖ്യം പെന്തക്കോസ്ത് സഭകളിൽ ഒന്നു മാത്രമാണ് രാജു പൂവക്കാലായുടെ സഭ. മുടന്തൊഴികെ എല്ലാ രോഗങ്ങളും ഈ സഭയിൽ സൗഖ്യമാകാറുമുണ്ട്. ഈ സഭക്ക് നിലവിൽ ആരാധനാലയവുമുണ്ട്. പക്ഷേ ഇതൊന്നും പോരാ എന്നു രാജു പൂവക്കാലായ്ക്കു തോന്നുന്നു. തിരുവല്ലയിലെ എന്നല്ല ഐ.പി.സിയുടെ തന്നെ ഏറ്റവും വലിയ ആരാധനാലയം തങ്ങളുടേതായിരിക്കണം. ആഗ്രഹം കൊള്ളാം. എല്ലുമുറിയെ പണിതുണ്ടാക്കുന്ന പണം ഇങ്ങനെയുള്ളവർക്കു കൊടുത്ത് നിർവൃതിയടയാൻ തയ്യാറുള്ളവർ ഉള്ളിടത്തോളം കാലം പൂവക്കാലയേപ്പോലുള്ളവർക്കു കുശാലാണ്.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും പ്രതീക്ഷിച്ചതുപോലെ സുഗമമായി ഈ പദ്ധതി പുരോഗമിക്കുന്നില്ല. നിലവിലുള്ള വസ്തുവകകൾ കച്ചവടമാക്കിയെന്നതു നേര്. പക്ഷേ വാങ്ങുന്നവർ ചില മുൻകരുതലുകൾ എടുത്തു. പൊതുസ്വത്താണു വാങ്ങുന്നത്. അതുകൊണ്ട് കേസ്സും മറ്റും ഉണ്ടായെന്നു വരാം. എല്ലാ പഴുതും അടച്ചുവേണം ആധാരം നടത്താൻ. ഈ വസ്തു വിൽക്കാൻ ഐ.പി.സിയുടെ അനുവാദം രേഖാമൂലം കിട്ടണം. ഇല്ലെങ്കിൽ പ്രശ്നമാകും. അനുവാദത്തിനായി പൂവക്കാല കൗൺസിലിനെ സമീപിച്ചപ്പോഴാണു പ്രശ്നങ്ങൾ തലപൊക്കിയത്. നിലവിലുള്ള ആധാരത്തിൽ വസ്തു ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ എന്ന സൊസൈറ്റിയുടേതാണെന്നു തീർത്തു പറയാൻ പറ്റുന്ന വാചകമില്ല. അതുകൊണ്ട് ഈ വസ്തു വിൽക്കാൻ ഐ.പി.സിയുടെ അനുവാദം ആവശ്യവുമില്ല. അച്ചൻകുഞ്ഞ് ഇലന്തൂർ ഈ പ്രശ്നം ഉന്നയിച്ചതോടെ പ്രശ്നമായി. വാഗ്വാദം അതിരുകടന്നു. മറുഭാഷ പറഞ്ഞെന്നും കേൾക്കുന്നു. ഏതായാലും കൈവയ്പ്പില്ലാതെ പ്രശ്നം അവസാനിപ്പിച്ചു. (അച്ചൻകുഞ്ഞ് അടുത്ത കാലത്തു ചെയ്ത ഏക നല്ലകാര്യം ഇതാണ്).

പക്ഷേ ഇതുകൊണ്ട് പ്രശ്നങ്ങൾ അവസാനിച്ചു എന്നു പൂവക്കാല കരുതരുത്. കോടികളുടെ ഇടപാടായതുകൊണ്ട് തിരിമറികൾ നടക്കാൻ ഇടയുണ്ട്. ഡിഫെൻഡർ എല്ലാം കാണുന്നുമുണ്ട്. അതുകൊണ്ട് തട്ടിപ്പു നടത്തുന്നതു സൂക്ഷിച്ചുവേണം. താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിച്ചാൽ നന്ന്:

1. നിലവിലുള്ള വസ്തുവകകൾ വിൽക്കുമ്പോൾ മുഴുവൻ തുകയും ആധാരത്തിൽ കാണിക്കണം.
2. പുതിയ വസ്തു വാങ്ങുമ്പോഴും യഥാർത്ഥ വില ആധാരത്തിലുണ്ടായിരിക്കണം. വെട്ടിപ്പു നടത്തരുത്.
3. പുതിയ കെട്ടിടം പണിയുമ്പോഴും ശരിയായ കണക്കുസൂക്ഷിക്കണം.

(ഇതൊക്കെ ചോദിക്കാനും പറയാനും ഡിഫെൻഡറിന് എന്തധികാരം എന്നു ചോദിച്ചേക്കാം. പോന്നുമോനേ, അങ്ങനെയൊന്നും ചോദിക്കാതിരിക്കുകയാണു നല്ലത്).


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:

നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.

– **നിങ്ങളുടെ പേരിൽ ഡൊമെയ്ൻ രജിസ്റ്റർ ചെയ്യുന്നു.**
– **വെബ്സൈറ്റിന് ആവശ്യമായ സ്പേസ് വാങ്ങുന്നു.**
– **ഹോംപേജ് (ആദ്യ പേജ്) ഉണ്ടാക്കുന്നു.**

**ആകെ ചെലവ് – 2000 രൂപ മാത്രം**

**ഓരോ അധിക പേജിനും 500 രൂപ.**

**കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 96564 32921**

# അവറാന്റെ തിരുവായ്മൊഴികൾ



കെ.എ.ഏബ്രഹാം എന്ന അവറാനേക്കുറിച്ച് ഡിഫെൻഡർ നിരന്തരം എഴുതേണ്ടതായി വരുന്നു. ഇയാളോട് ഡിഫെൻഡറിന് എന്തോ വിരോധമുള്ളതുകൊണ്ടാണ് ഇങ്ങനെ എഴുതുന്നതെന്ന് ചിലരെങ്കിലും തെറ്റിദ്ധരിച്ചേക്കാം. അതുകൊണ്ടു പറയട്ടെ: ഡിഫെൻഡറിന് ഇയാളോടു വിരോധമൊന്നുമില്ല. ഇയാൾ എഴുന്നെള്ളിക്കുന്ന വിവരക്കേടുകൾ കേട്ടു സഹിക്കാനാവാതെ ഡിഫെൻഡർ എഴുതിപ്പോകുകയാണ്. ഇതാ ചില സാമ്പിൾ:

രണ്ടു വർഷം മുൻപ് പെരുമ്പാവൂരിൽ നടന്ന ഒരു കൺവൻഷനിൽ അവറാൻ നടത്തിയ പ്രസംഗത്തിലെ ഒരു ഭാഗം ആദ്യമായി പറയാം. (ഈ വിഡ്ഢിത്തം ഇയാൾ നൂറു കണക്കിനു സ്റ്റേജുകളിൽ പ്രസംഗിച്ചിട്ടുണ്ട്). കർത്താവിനെ ക്രൂശിക്കാൻ വിധിച്ച പീലാത്തോസിന് പിന്നീടുണ്ടായ അനുഭവമെന്ത്? അതു ബൈബിളിൽ പറയുന്നില്ല. പക്ഷേ അതേപ്പറ്റി അവറാൻ ഒരു പുസ്തകത്തിൽ വായിച്ചു. പീലാത്തോസിന്റെ ശവം മിസ്സോറി മിസിസ്സിപ്പി തടാകത്തിൽ കിടക്കുന്നതാണ് ജനം കണ്ടത്. എങ്ങനെയുണ്ട് അവറാന്റെ വിജ്ഞാനം! ഇങ്ങനെ ഏതെങ്കിലും പുസ്തകത്തിൽ പറയുന്നുണ്ടെങ്കിൽ ആ പുസ്തകം എഴുതിയത് അവറാന്റെ ചേട്ടനായിരിക്കും എന്നു തീർച്ച.

എന്താണു പ്രശ്നം? ഒന്നാമതായി, മിസ്സോറി മിസിസ്സിപ്പി എന്നത് തടാകമല്ല വടക്കേ അമേരിക്കയിലുള്ള ഒരു നദിയാണ്. (കൃത്യമായി പറഞ്ഞാൽ രണ്ടു വലിയ നദികൾ ചേർന്നുണ്ടായ ഒരു നദിയാണ്). യേശുവിനെ ക്രൂശിക്കുന്ന സമയത്ത് പീലാത്തോസ് ഏഷ്യയിലായിരുന്നു. പിന്നീട് യൂറോപ്പിലേക്കു പോയിരിക്കാൻ സാദ്ധ്യതയുണ്ട്. പക്ഷേ മേല്പടിയാന്റെ ശവം വടക്കേ അമേരിക്കയിലുള്ള മിസോറി മിസിസ്സിപ്പി നദിയിൽ എത്തുക എന്നത് അസംഭവ്യമാണ്. സുബോധമുള്ളവർ ആരും ഇങ്ങനെ പുസ്തകത്തിൽ എഴുതിവയ്ക്കില്ല.

അവറാന്റെ ഗായകസംഘത്തിലെ അംഗമായിരുന്ന വിനോദ് ആത്മഹത്യ ചെയ്യാൻ ഇടയായ സംഭവം ഡിഫെൻഡർ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. പക്ഷേ ഈ ദിവസങ്ങളിൽ അവറാൻ ആത്മഹത്യക്കെതിരെ ചവറിൽ പ്രസംഗിക്കുന്നുണ്ട്. ആത്മഹത്യ ചെയ്യാനുള്ള വിവിധ മാർഗ്ഗങ്ങളേക്കുറിച്ചു വിശദീകരിക്കുന്നതിനിടയിൽ അവറാൻ ടിക് 20 എന്ന വിഷത്തേക്കുറിച്ചും പറഞ്ഞു. ഈ വിഷം കുടിച്ചാൽ ടിക്, ടിക് എന്നു ഹൃദയം 20 പ്രാവശ്യം മിടിക്കുന്നതിനിടയിൽ മരണമുണ്ടാകും. അതുകൊണ്ടാണ് ഈ വിഷത്തിനു ടിക് 20 എന്നു പേരുണ്ടായത്. പൊന്നു മാളോരേ, ഇതൊക്കെ കേൾക്കുമ്പോൾ ചിരിക്കണോ നെഞ്ചത്തടിച്ചു കരയണോ എന്നു നിശ്ചയമില്ല. ചവർ ചാനലിലൂടെ സംപ്രേക്ഷണം ചെയ്ത പ്രസംഗത്തിലാണ് ഈ വിജ്ഞാനമൊക്കെ വിളമ്പിയതെന്നോർക്കണം. അവറാൻ ഇങ്ങനെയൊന്നും പറഞ്ഞിരിക്കില്ലെന്നും ഡിഫെൻഡർ കള്ളം പറയുകയാണെന്നും കരുതുന്നവർക്കുവേണ്ടി ഈ പ്രസംഗം ഞങ്ങൾ യൂട്യൂബിൽ അപ്ലോഡ് ചെയ്തിട്ടുണ്ട്. http://tsbalan.com/youtube.html

ഇനി പറയൂ: അവറാന്റെ പ്രസംഗം മൂലം ദൈവനാമത്തിനു മഹത്വമാണോ അപമാനമാണോ ഉണ്ടാകുന്നത്? ഇവനെ എതിർക്കാതിരിക്കുന്നതെങ്ങനെ?

# മോനായി ഗതികേടിലായി



സി.പി.മോനായിയുടെ ഗതികേടിനേക്കുറിച്ചു കേട്ടാൽ കല്ലും കരഞ്ഞുപോകും. അത്രയ്ക്കു കഷ്ടമാണു സ്ഥിതി. സുവിശേഷം നിമിത്തം മോനായി ഏതോ കഷ്ടത്തിലായി എന്ന് ആരും ധരിക്കരുത്. സംഗതി അതല്ല. പരിശുദ്ധമായ ദ്രവ്യാഗ്രഹം ഒന്നുകൊണ്ടു മാത്രമാണ് മോനായി കഷ്ടത്തിലായത്.

കക്ഷി ഇപ്പോൾ അമേരിക്കയിലുണ്ട്. ആദ്യത്തെ അമേരിക്കൻ പര്യടനം കഴിഞ്ഞു മടങ്ങിപ്പോയിട്ട് ഏതാനും മാസങ്ങളേ ആയുള്ളൂ. എങ്കിലും ദ്രവ്യാഗ്രഹം അതികലശലായപ്പോൾ വീണ്ടും അമേരിക്കക്കു വണ്ടികയറി. മോനായിയേക്കുറിച്ച് അമേരിക്കൻ മലയാളികൾ ഡിഫെൻഡറിലൂടെ വേണ്ടതെല്ലാം അറിഞ്ഞിരുന്നെങ്കിലും കഴിഞ്ഞ യാത്രയിൽ ചിലരൊക്കെ മോനായിയോടു കരുണ കാണിച്ചു. അതുകൊണ്ട് വലിയ നഷ്ടമൊന്നും കൂടാതെ മടങ്ങിവരാൻ സാധിച്ചു. പക്ഷേ ഇത്തവണ സ്ഥിതി പരമ ദയനീയമാണ്. പട്ടണങ്ങളിൽ നിന്നു പട്ടണങ്ങളിലേക്കു മാറുന്നതല്ലാതെ കാര്യമായി ഒന്നും തടയുന്നില്ല.

വർഗീസച്ചായന്റെ മകന്റെ വീട്ടിലാണ് മോനായി ആദ്യം എത്തിയത്. അവിടെനിന്നു പലരേയും ഫോൺ വിളിച്ചെങ്കിലും ഗുണമൊന്നുമുണ്ടായില്ല. അതുകൊണ്ട് സൂസന്റെ വീട്ടിലെത്തി. സൂസന്റെ പൊട്ടക്കവിതകൾ പ്രസിദ്ധീകരിക്കുകയും അവാർഡു നൽകയും ചെയ്യുന്ന മോനായിക്ക് സൂസൻ അല്പം പണം കൊടുത്തു. ഈ ലക്കം ഡിഫെൻഡർ പ്രസ്സിൽ കൊടുക്കുന്ന സമയത്ത് സണ്ണിയുടെ വീട്ടിൽ ഇരിക്കുകയാണ് പാവം മോനായി.

# പി.ജി.വർഗീസ് ഡാക്കിട്ടറല്ല

പി.ജി.വർഗീസ് (ഇന്ത്യൻ ഇവാൻജലിക്കൽ ടീം) അമേരിക്കയിലെ ചില സഭകളിൽ പ്രസംഗിക്കുന്നതായി അറിയാൻ കഴിഞ്ഞു. ഇതോടുള്ള ബന്ധത്തിൽ ചില പരസ്യങ്ങളും കണ്ടു. ''ഡോ.പി.ജി.വർഗീസ്'' എന്നാണ് പരസ്യങ്ങളിൽ കണ്ടത്. അതുകൊണ്ടു പറയട്ടെ: പി.ജി.വർഗീസ് ഡോക്ടറോ നേഴ്സോ അല്ല വെറും പത്താംക്ലാസ്സുകാരനാണ്. കൈവശമുള്ള 'ഡോ' ചുമ്മാ ഡോ ആണ്. അതുകൊണ്ട് സത്യത്തെ സ്നേഹിക്കുന്നവർ പി.ജി.വർഗീസിനെ ഡോയാക്കരുത്. (കള്ളൻമാർക്ക് എന്തുമാകാം.)

# ഡേവീസ് കൂട്ടാലയിൽ

കള്ളപ്രവാചകനും ദുർമ്മാർഗ്ഗിയുമായ ഡേവീസ് തൃശൂർ ജില്ലയിലെ കൂട്ടാലയിൽ കുറ്റിയടിക്കാൻ ശ്രമിക്കുന്നതായി വിവരം ലഭിച്ചിരിക്കുന്നു. വടക്കേ ഇന്ത്യയിൽ പാസ്റ്ററായി പ്രവർത്തിച്ചിരുന്ന ഡേവീസ് അമേരിക്കയിൽ പോയി പണമുണ്ടാക്കിയതോടെ വടക്കേ ഇന്ത്യയിലെ ശുശ്രൂഷ വിട്ടു. കേരളത്തിലേക്കു മടങ്ങാൻ കർത്താവു പറഞ്ഞത്രേ. ഡേവീസിന്റെ പട്ടിക്ക് ട്രെയിനിൽ യാത്ര ചെയ്യാൻ പറ്റാത്തതുകൊണ്ട് വടക്കേ ഇന്ത്യയിൽ നിന്നു കേരളം വരെ ഈ മാന്യദേഹം പട്ടിയോടൊപ്പം കാറിൽ സഞ്ചരിച്ചു. ഇപ്പോൾ കൂട്ടാലയിൽ ഒരു സഭ തട്ടിക്കൂട്ടാനുള്ള ശ്രമത്തിലാണ്.

അമേരിക്കയിൽ ഭർത്താവുമായി പിണങ്ങി നിൽക്കുന്ന സിസിലി എന്ന സ്ത്രീയുമായി ഡേവീസിനുണ്ടായ അവിഹിത ബന്ധമാണ് പ്രശ്നങ്ങൾക്കു വഴിവച്ചത്. സിസിലിയുടെ കൃപകൊണ്ട് ഡേവീസ് രണ്ടാംവട്ടവും അമേരിക്കയിലെത്തിയെങ്കിലും സ്വീകരിക്കാൻ ആളുണ്ടായില്ല. അതുകൊണ്ട് കേരളത്തിലേക്കു മടങ്ങി. പിന്നീട് ഒരു ന്യൂസിലാന്റ് യാത്രയും നടത്തി. ഡിഫെൻഡറിന്റെ ശല്യം കാരണം യാത്ര നിർത്തി കൂട്ടാലയിൽ കൂടിയിരിക്കയാണ് ഈ ചങ്ങാതിയിപ്പോൾ.

# കെ.സി.ജോണോ സീരിയൽ ജോണോ?

ഐ.പി.സിയുടെ പ്രസിഡന്റായ കെ.സി.ജോണിന് ഇപ്പോൾ പുതിയൊരു പേരു കിട്ടിയിരിക്കുന്നു: സീരിയൽ ജോൺ. എന്താ ഇപ്പോൾ ഇദ്ദേഹത്തിന് ഇങ്ങനെയൊരു പേരുകിട്ടാൻ കാരണം? കെ.സി.ജോൺ സീരിയലുകൾ സംവിധാനം ചെയ്യാൻ തുടങ്ങി എന്നതുതന്നെ.

കെ.സി.ജോണിന് പണ്ടുമുതൽ സ്ത്രീകളുമായുള്ള സഹവാസം വളരെ ഇഷ്ടമാണ്. സ്ത്രീ എന്നു പറഞ്ഞാൽ ഏതു പ്രായത്തിലുള്ള സ്ത്രീയുമാകാം. പക്ഷേ പാസ്റ്റർ എന്ന നിലക്ക് സ്ത്രീകളുമായി ഇടപെടുമ്പോൾ ചില പരിമിതികളൊക്കെയുണ്ട്. ഒരു വിധത്തിലുള്ള പരിമിതിയും കൂടാതെ സ്ത്രീകളുമായി കുഴഞ്ഞാടാൻ എന്താണു മാർഗ്ഗം? കെ.സി.ജോൺ തലപുകഞ്ഞാലോചിച്ചു. ഒടുവിൽ ഒരു പരിഹാരമാർഗ്ഗം കണ്ടെത്തി. ചവർ ചാനലിൽ സീരിയൽ സംപ്രേക്ഷണം ചെയ്യുക. സീരിയൽ ആകുമ്പോൾ അഭിനയിക്കാൻ സ്ത്രീകളേയും വേണ്ടിവരും. എത്ര സ്ത്രീകൾ വരെ ആകാം എന്നതിനു പരിധിയുമില്ല. അങ്ങനെ കെ.സി.ജോൺ ഈ പദ്ധതി നടപ്പിലാക്കി. സ്ത്രീകളെ ഇന്റർവ്യൂ ചെയ്യുന്നതും തിരഞ്ഞെടുക്കുന്നതും കെ.സി.ജോൺ തന്നെ. സംവിധായകൻ എന്ന പേരിൽ ആരെങ്കിലും ഉണ്ടാകുമെങ്കിലും സംവിധായകനേക്കാൾ വലിയ ആളായി കെ.സി.ജോണും സ്ഥലത്തുണ്ടാകും. അഭിനയിക്കേണ്ടതെങ്ങനെ എന്നു പറഞ്ഞുകൊടുക്കുക, ആവശ്യമെങ്കിൽ അഭിനയിച്ചു കാണിക്കുക തുടങ്ങിയ കലാപരിപാടികളും മുറയ്ക്കു നടക്കുന്നു. വാഹനത്തിൽ സ്ത്രീകളെ കൊണ്ടുവരുന്നതും കൊണ്ടുപോകുന്നതും കെ.സി.ജോൺ തന്നെ. കെ.ഇ.ഏബ്രഹാം, ടി.ജി, ഉമ്മൻ തുടങ്ങിയവർ നേതൃത്വം കൊടുത്ത ഐ.പി.സിയുടെ ഇപ്പോഴത്തെ പ്രസിഡന്റിനെയോർത്ത് നെടുവീർപ്പിടാനെങ്കിലും ഐ.പി.സിക്കാർ തയ്യാറാകുമെന്നു പ്രത്യാശിക്കുന്നു.

# മുല്ലക്കര ദേവസ്യ അവഹേളനം തുടരുന്നു



ദേവസ്യാ മുല്ലക്കരയ്ക്കു രോഗശാന്തിവരമുണ്ടെന്നു തെറ്റിദ്ധരിച്ച് നിരവധി ആളുകൾ പ്രാർത്ഥനയ്ക്കായി മുല്ലക്കരയെ സമീപിക്കാറുണ്ട്. ഇങ്ങനെ വരുന്നവരിൽ പലരോടും മുല്ലക്കര അങ്ങേയറ്റം അവഹേളനപരമായാണ് പെരുമാറുന്നത്. ഇത്തരം ചില സംഭവങ്ങളേക്കുറിച്ച് ഡിഫെൻഡർ എഴുതിയിട്ടുമുണ്ട്. പക്ഷേ മുല്ലക്കര തെറ്റുതിരുത്താൻ തയ്യാറായിട്ടില്ല. അടുത്ത കാലത്ത് ഉണ്ടായ ഒരു സംഭവം ഇങ്ങനെ:

സംഭവം നടന്നത് വടക്കൻ കേരളത്തിലുള്ള ഒരു പട്ടണത്തിലാണ്. പതിവുപോലെ വലിയൊരു സംഘം ആളുകൾ പ്രാർത്ഥനയ്ക്കായി കാത്തു നിൽക്കുന്നു. ഓരോരുത്തരെയായി അടുത്തു വിളിച്ച് മല്ലക്കര പ്രാർത്ഥിക്കാൻ തുടങ്ങി. സംഭവം മുഴുവൻ വീഡിയോയിൽ പകർത്തുന്നുണ്ട്. പ്രാർത്ഥനയ്ക്കായി എത്തിയ ഒരു സ്ത്രീയുടെ മാറിൽ ക്യാൻസറുണ്ട്. ഒരു മുഴയുടെ രൂപത്തിലാണ് രോഗം. ആ സ്ത്രീ രോഗവിവരം വിശദമായി പറഞ്ഞു. അതു കഴിഞ്ഞ് മുല്ലക്കര പ്രാർത്ഥിച്ചു. രോഗം മാറിയതായി പ്രഖ്യാപിക്കയും ചെയ്തു. ആ സ്ത്രീ സന്തോഷത്തോടെ സ്വന്തം മാറിൽ തൊട്ടു പരിശോധിച്ചു. മുഴ പഴയതുപോലെ അവിടെത്തന്നെയുണ്ട്. രോഗം മാറിയില്ല എന്ന വസ്തുത അവർ തുറന്നു പറഞ്ഞതോടെ മുല്ലക്കര കോപിച്ചു. അവിശ്വാസിയായ അവരുടെ രോഗം ഒരിക്കലും മാറില്ല എന്ന് മൈക്കിലൂടെ പ്രഖ്യാപിക്കയും ചെയ്തു.

# മരുപ്പച്ച വായനക്കാരെ വഞ്ചിക്കുന്നു

മരുപ്പച്ച ദ്വൈവാരിക വായനക്കാരെ നിരന്തരം കബളിപ്പിക്കുന്നതായി ഡിഫെൻഡറിന്റെ ശ്രദ്ധയിൽ പെട്ടിരിക്കുന്നു. പത്രത്തിൽ പരസ്യങ്ങൾ കുത്തിനിറച്ചാണ് മരുപ്പച്ച തട്ടിപ്പു നടത്തുന്നത്. പത്രത്തിൽ പരസ്യങ്ങൾ പ്രസിദ്ധീകരിക്കരുത് എന്നല്ല പറഞ്ഞുവരുന്നത്. പരസ്യമേ ഉള്ളൂ എന്നു വന്നാൽ അതു കബളിപ്പിക്കലാണ്. ഉദാഹരണത്തിന് മരുപ്പച്ചയുടെ കഴിഞ്ഞ ലക്കം (മാർച്ച് 20) നോക്കുക.

ഒന്നാം പേജിന്റെ പകുതിഭാഗം അച്ചൻകുഞ്ഞ് സംഘടിപ്പിക്കുന്ന ടൂർ പ്രോഗ്രാമിന്റെ പരോക്ഷമായ പരസ്യമാണ്. മൂന്ന്, അഞ്ച് പേജുകളും മേല്പടിതന്നെ. നാലാം പേജിൽ പരസ്യം മാത്രം. ആറാം പേജിൽ വീണ്ടും ടൂറിന്റെ പരസ്യം. ഏഴ്, എട്ട്, ഒൻപത്, പത്ത് പേജുകളുടെ പകുതി പരസ്യം. 11, 12 പേജുകളിൽ പരസ്യങ്ങൾ മാത്രം. ആകെ 12 പേജുള്ള പത്രത്തിൽ എട്ടര പേജുകൾ പരസ്യം കൊണ്ടു നിറച്ചിരിക്കുന്നു. ബാക്കിയുള്ള മൂന്നര പേജിൽ ചില വാർത്തകളുണ്ട്. മിക്കവയും മറ്റു പത്രങ്ങളിൽ വന്നവ. 100 രൂപ വാർഷിക വരിസംഖ്യയായി കൊടുത്ത് പത്രം വാങ്ങുന്നവരെ കബളിപ്പിക്കുന്നതിനും വേണ്ടേ ഒരതിരൊക്കെ. (മറ്റു പെന്തക്കോസ്ത് പത്രങ്ങളുടെ സ്ഥിതിയും ഏറെ വ്യത്യസ്തമല്ല).

രജിസ്റ്റേഡ് ന്യൂസ് പേപ്പർ എന്ന നിലക്കു സൗജന്യ നിരക്കിൽ പത്രം തപ്പാലിൽ അയയ്ക്കുന്നവർ ദയവായി ശ്രദ്ധിക്കുക: 50 ശതമാനമെങ്കിലും വാർത്തകൾ/ആനുകാലിക വിഷയങ്ങൾ പത്രത്തിൽ ഉണ്ടായിരിക്കണമെന്നതു നിയമമാണ്. ഇതിനു വിരുദ്ധമായി പ്രവർത്തിച്ചാൽ പത്രത്തിന്റെ പോസ്റ്റൽ രജിസ്ട്രേഷൻ റദ്ദാക്കാം. മരുപ്പച്ചയും മറ്റു പെന്തക്കോസ്ത് പത്രങ്ങളും ഈ തട്ടിപ്പു തുടർന്നാൽ ഡിഫെൻഡർ ഈ പ്രശ്നം അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

**എം.പി.3 സി.ഡികൾ ലോക്ക് ചെയ്യൂ കോപ്പിയടി അസാധ്യമാക്കൂ**

പാട്ടുകൾ, പ്രസംഗങ്ങൾ തുടങ്ങിയവ റൈറ്റ് ചെയ്തിട്ടുള്ള എം.പി.3 സി.ഡികൾ അനധികൃതമായി കോപ്പി ചെയ്യപ്പെടുന്നതു തടയാനായി വളരെ കുറഞ്ഞ ചെലവിൽ ലോക്ക് ചെയ്യാം.

**കൂടുതൽ വിവരങ്ങൾക്ക്: 96564 32921**

RNI No. 68089 / 97
2009 April 1

# THE DEFENDER

REGISTERED
KL/ALY/0031/2009-11

# ദൈവസഭയും തെരഞ്ഞെടുപ്പും

ദൈവസഭയും ഇലക്ഷനും എന്ന തലക്കെട്ടു കണ്ടപ്പോൾ പാർലമെന്റ് ഇലക്ഷനുമായി ബന്ധപ്പെട്ട എന്തോ കാര്യമാണു പറയാൻ പോകുന്നത് എന്നു ധരിച്ചെങ്കിൽ തെറ്റി. ഈ ലേഖനത്തിന്റെ വിഷയം പാർലമെന്റ് ഇലക്ഷനോ അസംബ്ലി ഇലക്ഷനോ അല്ല അതിനേക്കാൾ ഗൗരവവും വാശിയുമുള്ള പെന്തക്കോസ്ത് ഇലക്ഷനാണ്.

പെന്തക്കോസ്ത് സഭകളിൽ ഇലക്ഷൻ നടത്തുന്നതു വചനാനുസൃതമാണോ എന്ന ചോദ്യം കുറേക്കാലമായി കേൾക്കാറുണ്ട്. ദൈവസഭയിൽ ശുശ്രൂഷകരെ ആക്കിയവയ്ക്കുന്നതു ദൈവമാകയാൽ ഇലക്ഷൻ നടത്തുന്നതു ശരിയല്ല എന്നതാണ് ഒരു വാദം. ഇലക്ഷൻ നടത്തുകയല്ല നറുക്കിട്ടെടുക്കുകയാണു ചെയ്യേണ്ടത് എന്നതാണു മറ്റൊരു വാദം. ഇന്ത്യ ജനാധിപത്യ രാഷ്ട്രമാകയാൽ ജനാധിപത്യ രീതിയിലുള്ള തെരഞ്ഞെടുപ്പാണു നടത്തേണ്ടത് എന്നു വാദിക്കുന്നവരുമുണ്ട്. ഇതിൽ ഏതാണു ശരി?

ഇന്ത്യയിൽ തെരഞ്ഞെടുപ്പു നടത്തേണ്ടത് ഏതു വിധത്തിലാണെന്നറിയാൻ ഉഗാണ്ടയിലെ ഭരണഘടനയല്ല നോക്കേണ്ടത്, ഇന്ത്യൻ ഭരണഘടന തന്നെ നോക്കണം. ദൈവസഭയിൽ തെരഞ്ഞെടുപ്പു നടത്തണമോ എന്നറിയാൻ ബൈബിൾ പരിശോധിക്കണം, ബൈബിൾ മാത്രമേ പരിശോധിക്കാവൂ.

സഭയിൽ തെരഞ്ഞെടുപ്പു വേണമോ എന്ന ചോദ്യത്തിന് ഉത്തരം തേടുന്നതിനു മുമ്പായി എന്താണു സഭ എന്നു മനസ്സിലാക്കണം. കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച് രക്ഷിക്കപ്പെട്ടവരുടെ പ്രാദേശിക കൂട്ടായ്മയാണു പ്രാദേശിക സഭ. ഗലാത്യയിലെ സഭ, കൊരിന്തിലെ സഭ, റോമിലെ സഭ തുടങ്ങിയവ ഉദാഹരണം. ലോകമെമ്പാടുമുള്ള എല്ലാ പ്രാദേശിക സഭകളും ചേർന്നതാണ് സാർവ്വത്രിക സഭ. സൊസൈറ്റീസ് ആക്ട് അനുസരിച്ചോ ട്രസ്റ്റ് നിയമം അനുസരിച്ചോ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്ന ഐ.പി.സി., ശാരോൻ, എ.ജി., ചർച്ച് ഓഫ് ഗോഡ് തുടങ്ങിയവ സഭകളല്ല സംഘടനകളാണ്. ഇവ ഭരിക്കപ്പെടേണ്ടത് ഈ രാജ്യത്തെ നിയമം അനുസരിച്ചും അതാതു സംഘടനകളുടെ നിയമം അനുസരിച്ചുമാണ്. സംഘടനകൾ ഭരിക്കേണ്ടത് ആരാണ്, അവരെ എങ്ങനെ തെരഞ്ഞെടുക്കണം എന്നൊക്കെ കണ്ടെത്താൻ ബൈബിളല്ല സൊസൈറ്റീസ് ആക്ടും ട്രസ്റ്റ് നിയമവുമാണ് പരിശോധിക്കേണ്ടത്.

സാത്താൻ ഭോഷ്ക്കു പറയുന്നവനും ഭോഷ്ക്കിന്റെ അപ്പനുമാണ്. ദൈവസഭയിലും സാത്താൻ ഒട്ടേറെ ഭോഷ്ക്കുകൾ പ്രചരിപ്പിക്കുന്നുണ്ട്. ഐ.പി.സിയും എ.ജിയും ഇതര പെന്തക്കോസ്ത് സംഘടനകളും ദൈവസഭയാണെന്ന പ്രചരണം ഇത്തരത്തിലുള്ള ഒരു ഭോഷ്ക്കാണ്. ഈ സംഘടനകളുടെ നേതാക്കൻമാർ ദൈവദാസൻമാരാണ് എന്ന വാദവും ഭോഷ്ക്കുതന്നെ. അതുകൊണ്ട് ഈ സംഘടനകൾ ദൈവസഭയാണെന്നും ഈ സംഘടനകളുടെ നേതാക്കൻമാർ ദൈവദാസൻമാരാണെന്നും ഉള്ള തെറ്റിദ്ധാരണ മാറ്റുക.

ദൈവസഭക്ക് പ്രാദേശിക സഭ, സാർവ്വത്രിക സഭ എന്നിങ്ങനെ രണ്ടു ഘടകങ്ങളുണ്ട്. പ്രാദേശിക സഭയുടെ ഭരണം നടത്തേണ്ടത് ആരാണ്? 1തിമോ.3: 1-13 വായിക്കുക. ഇവിടെ മൂന്നു തരം ശുശ്രൂഷകരെ കാണാം:

1. അദ്ധ്യക്ഷൻ.
2. ശുശ്രൂഷകൻമാർ.
3. ശുശ്രൂഷക്കാരത്തികൾ. (സ്ത്രീകൾ എന്നു തർജ്ജമ ചെയ്തിരിക്കുന്നത് ശുശ്രൂഷക്കാരത്തികൾ എന്നായിരുന്നു തർജ്ജമ ചെയ്യേണ്ടിയിരുന്നത്). പ്രാദേശിക സഭയിൽ നിരവധി ശുശ്രൂഷകൻമാരും ശുശ്രൂഷക്കാരത്തികളും ഉണ്ടായിരിക്കണം. അവരുടെ കങ്കാണി അല്ലെങ്കിൽ മേൽനോട്ടക്കാരനായി അദ്ധ്യക്ഷൻ (ബിഷപ്പ്) വേണം. ഇതാണു ദൈവവചനം പറയുന്നത്. ഇതൊന്നുമല്ലല്ലോ പെന്തക്കോസ്ത് സഭകളിൽ ഉള്ളത് എന്നു നിങ്ങൾ പറഞ്ഞേക്കാം. ശരിതന്നെ, പെന്തക്കോസ്ത് സഭകളിൽ ശുശ്രൂഷകൻമാരും ശുശ്രൂഷക്കാരത്തികളുമില്ല. സമുദായക്കാർക്ക് അച്ചനുണ്ട്, പെന്തക്കോസ്തിൽ പാസ്റ്ററുണ്ട്. സമുദായത്തിലും പെന്തക്കോസ്തിലും കമ്മറ്റിക്കാരുമുണ്ട്. ഇതൊന്നും ദൈവീക പദ്ധതിയിലുള്ള കാര്യമല്ല. പെന്തക്കോസ്ത് സഭകൾക്ക് തെറ്റുപറ്റിയിരിക്കുന്നു.

ദൈവസഭയിലെ ശുശ്രൂഷകരെ അപ്പോസ്തലൻ, പ്രവാചകൻ, സുവിശേഷകൻ, ഇടയൻ, അദ്ധ്യാപകൻ എന്നിങ്ങനെ അഞ്ചായി തിരിക്കാം. പുരുഷൻമാർക്ക് ഈ അഞ്ചുവിധ ശുശ്രൂഷകളും ചെയ്യാൻ അധികാരമുണ്ട്. പക്ഷേ സ്ത്രീകൾ അപ്പസ്തോലിക ശുശ്രൂഷയും ഇടയ ശുശ്രൂഷയും ചെയ്തതായി ബൈബിളിൽ കാണുന്നില്ല.

ഈ ശുശ്രൂഷകരെ എങ്ങനെയാണു നിയമിക്കുന്നത് എന്നും ദൈവവചനത്തിൽ പറയുന്നുണ്ട്. ദൈവസഭയിലെ ശുശ്രൂഷകരെ തിരഞ്ഞെടുക്കുന്നതും നിയമിക്കുന്നതും ദൈവമാണ്. ദൈവം നൽകുന്ന നിയമനം ദൈവസഭ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുക മാത്രമാണു വേണ്ടത്. പ്രവൃ. 13:1-3 വായിക്കുക. ദൈവം തെരഞ്ഞെടുത്ത ശുശ്രൂഷകരെ സഭ അംഗീകരിക്കുകയും പ്രാദേശിക സഭയിലെ മൂപ്പൻമാർ ചേർന്നു കൈവച്ച് ശുശ്രൂഷയ്ക്കായി വേർതിരിക്കയും ചെയ്യുന്നു. ഇന്നും ഇതുതന്നെയാണു ചെയ്യേണ്ടത്. പ്രാദേശിക സഭയിൽ നിന്നു ശുശ്രൂഷയ്ക്കായി ദൈവം വിളിക്കുന്നവരെ പ്രാദേശിക സഭയിലെ മൂപ്പൻമാർ ചേർന്നു കൈവച്ചു പ്രാർത്ഥിച്ച് ശുശ്രൂഷകൾക്കായി വേർതിരിക്കണം. അതാണ് ഓർഡിനേഷൻ. സംഘടനയുടെ നേതാക്കൻമാർ കൈവച്ചാൽ ഓർഡിനേഷൻ ആകില്ലെന്നു ചുരുക്കം.

ഇതുവരെ പറഞ്ഞത് പ്രാദേശിക സഭകളുടെ കാര്യം. ഇനി സാർവ്വത്രിക സഭയേക്കുറിച്ചു വിശദീകരിക്കാം. എല്ലാ പ്രാദേശിക സഭകളും ചേരുന്നതാണ് ആകമാന സഭ. ഐ.പി.സി, ശാരോൻ, എ.ജി തുടങ്ങിയ ഒരു സംഘടനയും സാർവ്വത്രിക സഭയല്ല. അവയെല്ലാം മനുഷ്യനിർമ്മിതമായ സംഘടനകൾ മാത്രമാണ്. സാർവ്വത്രിക സഭക്ക് അപ്പോസ്തലൻമാർ, പ്രവാചകൻമാർ തുടങ്ങിയവരാണ് നേതാക്കൻമാരായുള്ളത്. പ്രസിഡന്റും സെക്രട്ടറിയും മറ്റും ദൈവസഭയുടെ നേതാവല്ല, ആകാൻ കഴിയുന്നതുമല്ല.

സംഘടനയുടെ നേതാവിനെ എങ്ങനെ കണ്ടെത്തണം എന്നതാണു ചോദ്യമെങ്കിൽ ഉത്തരം ലളിതം: സംഘടനയിലെ അംഗങ്ങൾക്കു ബോധിച്ച വിധത്തിൽ നേതാവിനെ കണ്ടെത്താം. തെരഞ്ഞെടുപ്പു നടത്താം, നോമിനേഷൻ ആകാം, നറുക്കിട്ടെടുക്കാം. ഇതൊന്നും ദൈവസഭയെ ബാധിക്കുന്ന വിഷയമല്ല. ഐ.പി.സിയിൽ തെരഞ്ഞെടുപ്പാണ് നിലവിലുള്ളത്. എ.ജിയിലും തെരഞ്ഞെടുപ്പു തന്നെ. ചർച്ച് ഓഫ് ഗോഡിൽ സായിപ്പ് നിയമിക്കുന്നു. ശാരോനിൽ കുറെ അല്പന്മാരിരുന്നു വീതം വയ്ക്കുന്നു. ഡബ്ല്യൂ.എം.ഇയിൽ കുടുംബ വാഴ്ചയിലൂടെ നേതാവുണ്ടാകുന്നു. ഇതെല്ലാം ഒന്നുപോലെ ശരിയോ തെറ്റോ ആണ്. പക്ഷേ ദൈവത്തിനോ ദൈവസഭക്കോ ഇതിൽ ഇടപെടേണ്ട കാര്യമില്ല. കാരണം, ഈ സംഘടനകളെല്ലാം മനുഷ്യനിർമ്മിതമാണ്. ഇവയിൽ ദൈവീകമായി ഒന്നുമില്ല.

## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.
സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan